# 178

# ജനനീതി

ഫെബ്രുവരി 2012

10.00 ക.



അതിരപ്പിള്ളി വെള്ളച്ചാട്ടം: ഒരു അപൂർവ്വ ദൃശ്യം

# വിവരാവകാശ നിയമത്തിന്നും വരുന്നു പരിഷ്കാരം!

**വി**വരാവകാശനിയമത്തെ "വിമർശനാത്മകമായി" ഒന്നു പരിഷ്കരിക്കേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് പറയുന്നു. ഇൻഫർമേഷൻ കമ്മീഷണർമാരുടെ ആറാം വാർഷിക സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

ജനക്ഷേമകരമായ ഏതു നിയമം കൊണ്ടുവന്നാലും അതിനെ "പരിഷ്ക്കരിക്കുക" എന്നത് ഇന്ത്യയിലെ ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ സ്ഥിരം ഏർപ്പാടാണ്. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്ത് പാസാക്കിയ വനം നിയമം നാനാവിധമാക്കിയത് അങ്ങനെയാണ്. പരിസ്ഥിതി അവലോകന നിയമം ഇതിന്നകം പത്തു തവണ ഭേദഗതി ചെയ്ത് നിയമംതന്നെ ഇല്ലാതാക്കിയത് അങ്ങനെയാണ്.

ഗവർമ്മേണ്ടിന്റെ "ചർച്ചാ പ്രക്രിയ"യെ പ്രതികൂലമായി ബാധിക്കുന്നുവെന്നാണ് പ്രധാനമന്ത്രി പറയുന്നത്. സത്യസന്ധരായ ഉദ്യോഗസ്ഥന്മാർ കാര്യം തുറന്നു പറയാൻ മടികാണിക്കുന്നതായി പ്രധാനമന്ത്രി പറയുന്നു.

പ്രശനം അഴിമതി തന്നെയാണ്. 2ജി സ്പെക്ട്രം കൈകാര്യം ചെയ്ത അവസരത്തിൽ പ്രശ്നം ലേലത്തിന്നു വയ്ക്കാൻ നിർദ്ദേശമുണ്ടായിരുന്നു. എന്നാൽ മന്ത്രി രാജ അതു ചെയ്യാതെ സ്പെക്ട്രം വിതരണം ചെയ്തു. ഈ വകയിൽ ഗവർമ്മേണ്ടിന്ന് ഒന്നേമുക്കാൽ ലക്ഷം കോടി രൂപ നഷ്ടം വന്നതായി കംപ്ട്രോളർ ഈയിടെ കണ്ടെത്തി. വിവരാവകാശ നിയമപ്രകാരം ഇതിന്റെ രേഖകൾ പുറത്തുകൊണ്ടുവന്നപ്പോൾ അന്നത്തെ ധനകാര്യമന്ത്രി ചിദംബരം മന്ത്രി രാജായുടെ പക്ഷം പിടിച്ചതായി കണ്ടു. മന്ത്രിമാർ തമ്മിലുണ്ടായിരുന്ന അഭിപ്രായ വ്യത്യാസത്തിന്റെ രേഖകൾ വിവരാവകാശ നിയമപ്രകാരം പുറത്തു കൊണ്ടുവന്നതാണ് പ്രധാനമന്ത്രിയെ ക്ഷോഭിപ്പിച്ചിരിക്കുന്നത്.

അന്നു ധനകാര്യ മന്ത്രിയായിരുന്ന ചിദംബരം തന്റെ നിലപാടിൽ ഉറച്ചുനിന്നിരുന്നുവെങ്കിൽ 2ജി കുംഭകോണം ഒഴിവാക്കാമായിരുന്നു. മന്ത്രിയുടെ ഈ കുറിപ്പാണ് വിവരാവകാശ നിയമപ്രകാരം പുറത്തുകൊണ്ടു വന്നതും. പ്രധാനമന്ത്രിയുടെ ഓഫീസിനെ കെണിയിൽ വീഴ്ത്തിയതും. ഗവർമ്മേണ്ട് തയ്യാറാക്കിയിരിക്കുന്ന വിസിലടി ബിൽ വിവരാവകാശ നിയമത്തെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ❑




ജനനീതി

ഫെബ്രുവരി 2012

178



പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**വി.കെ. ഷറഫുദ്ദീൻ**
**ജോർജ്ജ് പുലികുത്തിയിൽ**



**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org


എഡിറ്റോറിയൽ

# മുല്ലപ്പെരിയാർ കാര്യത്തിൽ തമിഴ് നാടിന്ന് ഒരവകാശവുമില്ല

**മു**ല്ലപ്പെരിയാർ സംബന്ധിച്ച ബഹളം തുടരുകയാണ്. പ്രശ്നം എന്താണെന്നോ പരിഹാരമാർഗ്ഗം എന്താണെന്നോ ചിന്തിക്കാൻ പോലും ആരും മെനക്കെടുന്നില്ല. തങ്ങൾ തീക്കൊള്ളി കൊണ്ടാണ് തല ചൊറിയുന്നതെന്ന വസ്തുത പോലും ആരും മനസ്സിലാക്കുന്നില്ല എന്നതാണ് കഷ്ടം. രണ്ട് അയൽ സംസ്ഥാനങ്ങളിലെ ജനങ്ങളെ തമ്മിൽ തല്ലിച്ചാലുണ്ടാകുന്ന ഭവിഷ്യത്തിനെക്കുറിച്ചു പോലും ആരും ചിന്തിക്കുന്നില്ല. പണക്കാർ ഏതു സാഹചര്യത്തിലും രക്ഷപ്പെട്ടുകൊള്ളും. പാവങ്ങളുടെസ്ഥിതിയാണ് ദയനീയമാകുക.

മുല്ലപ്പെരിയാർ അണക്കെട്ടിൽനിന്നുള്ള വെള്ളം ഉപയോഗിച്ചാണ് തെക്കൻ തമിഴ്നാട്ടിലെ പാവപ്പെട്ട കർഷകർ കൃഷി നടത്തുന്നതെന്നത് അടിസ്ഥാനപരമായ ഒരു വസ്തുതയാണ്. ഇക്കാര്യത്തിൽ സംശയമോ തർക്കമോ ഇല്ല. കൃഷി മാത്രമല്ല അവർ നടത്തുന്നത്, കുടിനീരിനുപോലും മുല്ലപ്പെരിയാറിനെ ആശ്രയിക്കുന്നവർ ഏറെയാണ്.

നൂറിലേറെ കൊല്ലത്തെ പഴക്കമുള്ളതാണ് മുല്ലപ്പെരിയാർ അണക്കെട്ടെന്നതും ഒരു വസ്തുതയാണ്. ഇക്കാര്യത്തിലും തർക്കമൊന്നുമില്ല. നൂറിലേറെ കൊല്ലം മുമ്പ് തെന്നിന്ത്യയൊട്ടാകെ ബ്രിട്ടീഷ് നിയന്ത്രണത്തിലായിരുന്നു. ഇന്നത്തെ ഒറീസമുതൽ കന്യാകുമാരിവരെയുള്ള പ്രദേശമാകെ ബ്രിട്ടീഷ് നിയന്ത്രണത്തിലായിരുന്നു. ഇതിന്നിടയിൽ തിരുവിതാംകൂർ, കൊച്ചി, മൈസൂർ തുടങ്ങിയ ചില നാട്ടുരാജ്യങ്ങളുമുണ്ടായിരുന്നു. ഈ നാട്ടുരാജ്യങ്ങളിൽ ചിലർരാജാക്കന്മാരായി വാഴുന്നുണ്ടായിരുന്നുവെന്നത് വാസ്തവമാണ്. പക്ഷെ ഈ രാജാക്കന്മാരെല്ലാം ബ്രിട്ടീഷ്

ആജ്ഞാനുവർത്തികളായിരുന്നു. ഏതു കാര്യത്തിലും അവസാനവാക്ക് ബ്രിട്ടീഷ് റസിഡന്റുമാരുടേതായിരുന്നു. ഒരു കാര്യത്തിലും സ്വേഛാപൂർവ്വം പെരുമാറാൻ ഈ രാജാക്കന്മാർക്ക് അധികാരമില്ലായിരുന്നു.

അന്നും മദ്രാസ് പ്രസിഡൻസിയുടെ തെക്കുഭാഗം ഇന്നത്തെപ്പോലെ "മഴനിഴൽ" പ്രദേശമായിരുന്നു. അല്പം കാലവർഷവും ധാരാളം തുലാവർഷവും എന്നതായിരുന്നു കണക്ക്. പ്രകൃതി അങ്ങനെയായിരുന്നു. പശ്ചിമഘട്ടത്തിൽനിന്നുള്ള നീരൊഴുക്കായിരുന്നു മഴനിഴൽ പ്രദേശത്തെ കൃഷിക്കെന്നെല്ല ജീവജലത്തിന്ന് പോലും ആശ്രയം. പശ്ചിമ ഘട്ടത്തിൽനിന്ന് അന്നും നീരൊഴുക്കുണ്ടായിരുന്നുവെങ്കിലും മലകൾ ഒരു തടസ്സമായിരുന്നു. പശ്ചിമഘട്ടത്തിൽ ലഭിക്കുന്ന വെള്ളവുമായി കാവേരി നദി മൈസൂർ രാജ്യത്തിലൂടെ മദ്രാസ് പ്രസിഡൻസിയിൽ എത്താറുണ്ട്. മഴപെയ്യുന്നത് മൈസൂർ നാട്ടുരാജ്യത്തിലും മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായ മലബാറിലുമായിരുന്നു. ആ മഴവെള്ളവുമായിട്ടാണ് കാവേരി മദ്രാസ് പ്രസിഡൻസിയിലെത്തിയിരുന്നത്. ഈ ജലം എങ്ങനെ പങ്കിടണമെന്നതിനെ ച്ചൊല്ലി അന്നുതന്നെ തർക്കമുണ്ടായിരുന്നു. അതാണ് കാവേരി നദീജല തർക്കമെന്ന പേരിൽ രൂപംകൊണ്ടത്. മൈസൂർ രാജ്യത്തിലെ ഭരണാധികാരി രാജാവായിരുന്നുവെങ്കിലും യഥാർത്ഥ ഭരണാധികാരികൾ ബ്രിട്ടീഷുകാർതന്നെയായിരുന്നു. തന്മൂലം ബ്രിട്ടീഷ് പ്രസിഡൻസി, മൈസൂർ മലബാർ എന്നിവ തമ്മിൽ 999 വർഷത്തേക്കുള്ള ഒരു നദീജല കരാറുണ്ടാക്കി.

ഇതേമാതൃകയെ പിൻതുടർന്നുകൊണ്ടാണ് ബ്രിട്ടീഷുകാർ - അതെ ബ്രിട്ടീഷുകാർ - മൂല്ലപ്പെരിയാർ പദ്ധതിക്കും രൂപം നൽകിയത്. പക്ഷെ അതിന്നൊരു കുഴപ്പമുണ്ടായിരുന്നു. കാവേരി നദീജലത്തിൽ അല്പം ജലം ബ്രിട്ടീഷ് മലബാറിൽനിന്ന് ഒവുകിയെത്തുന്നതായിരുന്നു. അതിന്നു പുറമെ ആ നദീജലം തമിഴ്നാട്ടിലൂടെ ഒഴുകി കടലിലെത്തേണ്ടതുണ്ടായിരുന്നു. ഉത്ഭവ സ്ഥാനത്തിലും പര്യവസാന സ്ഥാനത്തിലും ബ്രിട്ടീഷുകാർക്കായിരുന്നു അധികാരം. എന്നാൽ മുല്ലപ്പെരിയാർ കാര്യത്തിൽ ബ്രിട്ടീഷുകാർക്ക് ഒരു തരത്തിലും അവകാശവാദമുന്നയിക്കാൻ നിവൃത്തിയില്ലായിരുന്നു. മുല്ലപ്പെരിയാർ ഉത്ഭവിക്കുന്നതും ഒഴുകുന്നതും കടലിൽ വിലയം പ്രാപിക്കുന്നതുമെല്ലാം തിരുവിതാംകൂർ പ്രദേശത്തുകൂടിയായിരുന്നു. ബ്രിട്ടീഷുകാർ പലവിധ തന്ത്രങ്ങളും പ്രയോഗിച്ചുനോക്കിയെങ്കിലും തിരുവിതാംകൂർ രാജാവിനെ വളച്ചെടുക്കാൻ സാധിച്ചില്ല. ഒടുവിൽ തിരുവിതാംകൂറിലെ ദിവാനായി ഒരു രാമ അയ്യങ്കാരെ നിയമിച്ചു. ബ്രിട്ടീഷ് ദാസനായിരുന്ന ആ അയ്യങ്കാരും ബ്രിട്ടീഷുകാരുമാണ് മുല്ലപ്പെരിയാർ കരാറിൽ ഒപ്പുവച്ചിട്ടുള്ളത്. തിരുവിതാംകൂർ രാജാവിന്റെ എതിർപ്പിനെ അവഗണിച്ചുകൊണ്ടുള്ള ആ കരാർ അസാധുവാണെന്നു പറയേണ്ടതില്ലല്ലൊ.

ബ്രിട്ടീഷുകാർ ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകിയപ്പോൾ, നാട്ടുരാജ്യങ്ങളെയെല്ലാം അവർ സ്വതന്ത്രരാക്കിയിരുന്നു. അതായത്, ബ്രിട്ടീഷുകാർ ഉണ്ടാക്കിവച്ചിരുന്ന കരാറുകളിൽനിന്നെല്ലാം നാട്ടുരാജ്യങ്ങളെ മോചിപ്പിച്ചിരുന്നു. അക്കാലത്ത് തിരുവിതാംകൂർ സ്വാതന്ത്ര്യം പ്രഖ്യാപിക്കാൻ മുതിർന്നതും അതിന്നെതിരായി ഒരു ജനകീയ പ്രക്ഷോഭണം വളർന്നുവന്നതും ഓർമ്മയുണ്ടോ? ആഭ്യന്തര കാര്യമന്ത്രി സർദാർ പട്ടേലും ശിങ്കിടികളും ഇന്ത്യയിലെ 600 നാട്ടുരാജ്യങ്ങളിൽ പോയി "ഇന്ത്യയിൽ ചേരാൻ തയ്യാറാണ്"എന്ന സമ്മതപത്രങ്ങളിൽ അന്ന് ഒപ്പിട്ടുവാങ്ങിയത് ഓർമ്മയുണ്ടോ? അതിനൊന്നും കൂട്ടാക്കാതിരുന്ന ഹൈദരാബാദ് രാജ്യത്തിന്നെതിരെ "പോലീസ് നടപടി" സ്വീകരിച്ചത് ഓർമ്മയുണ്ടോ? ഇന്നും നീറിപ്പുകയുന്ന കാശ്മീർ പ്രശ്നത്തിന്റെ മൂലക്കല്ല് അതാണെന്ന വസ്തുത ഓർക്കുന്നുണ്ടോ? അതായത് ബ്രിട്ടീഷുകാർ 100 കൊല്ലംമുമ്പ് തയ്യാറാക്കിയ കരാറുകൾക്കൊന്നും അവർതന്നെ സാധുത കല്പിക്കുന്നില്ലെന്നർത്ഥം. അപ്പോൾ തിരുവിതാംകൂർ രാജാവിന്റെ എതിർപ്പിനെ അവഗണിച്ചുകൊണ്ടുണ്ടാക്കിയ മുല്ലപ്പെരിയാർ കരാറിന്നും അതെഴുതിയ കടലാസിന്റെ വിലപോലും കല്പിക്കാനാവില്ല. തമിഴ്നാട് ഗവർമ്മേണ്ട് ഉയർത്തിപ്പിടിക്കുന്ന മുല്ലപ്പെരിയാർ കരാർ തീർത്തും അസാധുവാണെന്നർത്ഥം.

അത്ഭുതകരമെന്നു പറയട്ടെ, ബ്രിട്ടീഷിന്ത്യയുടെ നുകത്തിൻ കീഴിലായിരുന്ന കാലത്ത് പടച്ചുവിട്ട കരാർ തുടരാനും അതനുസരിച്ചുള്ള ആനുകൂല്യങ്ങൾ തുടർന്നും അനുഭവിക്കാനും മദ്രാസ് നിയമസഭ/ കേരള നിയമസഭ ഇന്നും സമ്മതിച്ചുവരുന്നു. കേരളത്തിലെ ഉദ്യോഗ്സ്ഥന്മാർക്കും മന്ത്രിമാർക്കും തമിഴനാടുമായുള്ള "ചർച്ച"കൾക്ക് പോകാൻ എന്തൊരു താല്പര്യമാണെന്നറിയുമോ? ഇത്രയേറെ തവണ "ചർച്ച"കൾനടത്തിയിട്ടും പ്രശ്നപരിഹാരത്തിന്നടുത്തേക്ക് ഒരിഞ്ചുപോലും മുനനോട്ടു പോയിട്ടില്ല. അന്ന ഹസാരെയുടെ ലോകപാൽ ബില്ലെങ്ങാനും പാർലിമെന്റ് പാസാക്കുന്നതുവരെ ഒന്നിടവിട്ട മാസങ്ങളിൽ നടക്കുന്ന "ചർച്ച"കൾ തുടരുകതന്നെ ചെയ്യും. ലോകപാൽ ബിൽ പാസാക്കിയാലും സി.ബി.ഐ.യുടെ ഭരണാധികാരം ഗവർമ്മേണ്ടിന്നുതന്നെയായിരിക്കണമെന്ന് രാഷ്ട്രീയ കക്ഷികൾ വാശിപിടിക്കുന്നത് വെറുതെയല്ല. സി.ബി.ഐ. യുടെ ഭരണാധികാരം ലോക്പാലിന്നുവിട്ടുകൊടുത്താൽ പിന്നെ "ചർച്ച"കൾക്കുവേണ്ടി ചെന്നൈയിലേക്കു നടത്തുന്ന തീർത്ഥാടനങ്ങൾകൊണ്ട് എന്താണൊരു ഫലം? ഈയൊരു കാര്യത്തിൽ എല്ലാ രാഷ്ട്രീയ കക്ഷികളും സമാനമാണ്.

ഇന്ത്യ സ്വാതന്ത്ര്യം നേടിയതോടെ ബ്രിട്ടീഷ് നുകത്തിൽ കീഴിലുണ്ടാക്കിയിരുന്ന എല്ലാ കരാറുകളും റദ്ദാക്കേണ്ടതായിരുന്നു. അത് ഭരണഘടനാപരമായ ഒരു ബാധ്യതയായിരുന്നു. നാട്ടുരാജ്യങ്ങൾ ഇന്ത്യയിൽ ലയിച്ചപ്പോൾ എല്ലാ രാജാക്കന്മാർക്കും "പ്രിവിപഴ്സ്" അനുവദിച്ചിരുന്നു. അതു നിർത്തലാക്കാൻ ഇന്ദിരാഗാന്ധി ഭരണഘടന ഭേദഗതി ചെയ്തു. എന്നാൽ നാട്ടു രാജ്യങ്ങൾക്കുള്ള "പ്രവിപഴ്സ്" നിർത്തലാക്കാനുള്ള ഒരു ഭരണഘടനാ ഭേദഗതിയും അവർ അവതരിപ്പിക്കുകയോ പാസാക്കുകയോ ചെയ്തിട്ടില്ല.

കേരളത്തിന്റെ ചില ഭാഗങ്ങളുടെ മേൽ തങ്ങൾക്കുള്ള ഭരണനിയന്ത്രണാധികാരം നിലനിർത്തണമെന്ന് തമിഴ്നാട് വാശിപിടിക്കുന്നതിന്റെ അർത്ഥമെന്താണ്? ജനങ്ങളെ തമ്മിൽ തല്ലിക്കുന്ന ഇത്തരം വാശികളല്ലേ ശ്രീലങ്കാപ്രശ്നത്തെ അനിയന്ത്രിതമാക്കിയത്? പ്രശ്നങ്ങളെ പക്വതയോടെ സമീപിക്കാൻ നമുക്കാവില്ലെങ്കിൽ പിന്നെ, രാജ്യഭരണസംവിധാനംകൊണ്ട് എന്താണൊരു കാര്യം? ആഫ്രിക്കയിൽ വിവിധ ഗോത്രങ്ങൾ തമ്മിൽ യുദ്ധം നടക്കുന്നു. ആയിരക്കണക്കിന്നാളുകളാണിവിടെ കൊല്ലപ്പെടുന്നത്. നമ്മുടെ പൂർവ്വേന്ത്യൻ ഗോത്രങ്ങൾ തമ്മിൽ യുദ്ധമാരംഭിച്ചിട്ട് കാലമെത്രയായി? ഇതിന്നൊന്നും ഒരു നിവാരണമുണ്ടാക്കാൻ നമുക്കാവുന്നില്ലെങ്കിൽ, ഇന്ത്യ എന്ന ആശയത്തിന്ന് എന്താണൊരു അർത്ഥം? ❑

# മുല്ലപ്പെരിയാർ അണക്കെട്ടിൽ തമിഴ്നാടിനെന്താണവകാശം?

- എ.ആർ. വട്ടക്കരി -

കേരളത്തിലേയും തമിഴ്നാട്ടിലേയും രാഷ്ട്രീയക്കാർ അവഗണിക്കുന്ന ചില വസ്തുതകൾ ഉണ്ട്. മുല്ലപ്പെരിയാർ അണക്കെട്ട് പുതുക്കി പണിയുന്നതിന്ന് അനുകൂലമായും പ്രതികൂലമായും ചൂടുപിടിച്ച ചർച്ചകൾ നടന്നു വരികയാണല്ലോ. ഇതിന്നിടയിൽ ഒരു വസ്തുത എല്ലാവരും മറന്നു പോകുന്നു. കാര്യം ഇതാണ്. ഈ കേസിൽ കക്ഷി ചേരാൻ തമിഴ്നാടിന്നൊരവകാശവുമില്ലെന്നതാണ് അത്. അണക്കെട്ടും അണക്കെട്ടിലേക്കുള്ള നീരൊഴുക്കു പ്രദേശവും ആകെ കേരളത്തിലാണ്. അതിനാൽ അണക്കെട്ടിന്റെ ഭരണ നിരവ്വഹണത്തിന്നുള്ള വ്യവസ്ഥാപിത അധികാരി കേരള ഗവർമ്മേണ്ടാണ്. ഇപ്പോൾ ഭരണഘടനാ വ്യവസ്ഥയെ ലംഘിച്ചുകൊണ്ടുതന്നെ, ആ പ്രദേശത്തിന്റെ ഭരണ നിയന്ത്രണാധികാരം കൈവശം വയ്ക്കാൻ തമിഴ്നാടിനെ കേരളം അനുവദിച്ചിരിക്കുന്നു. ഇതിന്റെ കാരണം മനസ്സിലാക്കുക വിഷമമാണ്. ഒരുപക്ഷെ തമിഴ്നാടിനെ പ്രീണിപ്പിച്ച് വല്ല സ്വാർത്ഥ ലാഭവും ഇതിന്റെ പിന്നിലുണ്ടാകാം. 1886 ലെ കരാർ തമിഴ്നാടും കേരളവും തമ്മിലുണ്ടാക്കിയതാണെന്ന മട്ടിലാണ് ജയലളിത പെരുമാറുന്നത്. അന്നത്തെ തിരുവിതാംകൂർ നാട്ടുരാജ്യത്തിലെ തമിഴൻ ദിവാനായ വി. രാം അയ്യങ്കാറും ബ്രിട്ടീഷ് ഇന്ത്യയിലെ മദ്രാസ് പ്രസിഡൻസിക്കുള്ള ബ്രിട്ടീഷ് ഇന്ത്യക്കുള്ള സെക്രട്ടറിയായ ജെ. സി. ഹാനിങ്ടനും തമ്മിൽ ഒപ്പുവച്ച ഒരു കരാറാണ് അത്. അന്നത്തെ തിരുവിതാംകൂർ നാട്ടുരാജ്യത്തിലെ രാജാവിന്റെ എതിർപ്പിനെ അവഗണിച്ചുകൊണ്ടാണ് ഇദ്ദേഹം കരാറിൽ ഒപ്പുവച്ചത്. നിർബ്ബന്ധിച്ചുണ്ടാക്കിയ ഈ കരാർ അതുകൊണ്ടുതന്നെ അസാധുവാണ്. ബ്രിട്ടീഷുകാർ നിശ്ചയിച്ച സ്ഥലത്തിന്റെ ഭരണ നിയന്ത്രണാധികാരം ബ്രിട്ടീഷ് ഇന്ത്യക്ക് കൈമാറുന്ന ഒന്നാണത്.

ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോൾ, ആ കരാറും ഇല്ലാതായിത്തീർന്നു. കാരണം കരാറിലെ രണ്ടു കക്ഷികളും നിലവിലില്ലാതായിത്തീർന്നു. പഴയ മദ്രാസ് പ്രസിഡൻസിയിൽ തമിഴ്നാടിന്നു പുറമെ, ഇന്നത്തെ ഉത്തര കേരളത്തിൽപെട്ട മലബാർ പ്രദേശവും ലക്ഷദ്വീപും ആന്ധ്രയിലെ റായൽ സീമയും ആന്ധ്രയിലെ തീരപ്രദേശങ്ങളും തെക്കൻ ഒറീസയിൽപെട്ട ഗഞ്ചാം, മൽക്കൻഗിരി, കൊരാപുട്ട്, നവരംഗപ്പൂർ, ഗജപതി ജില്ലകളും കർണാടകത്തിലെ ബല്ലാരി, ദക്ഷിണ കന്നഡ, ഉഡുപ്പി ജില്ലകളുമെല്ലാം ഉൾപ്പെട്ടിരുന്നു. അതുകൊണ്ട് തമിഴ്നാടിന് പൈതൃകാവകാശം പോലും ഉന്നയിക്കാനാവില്ല. വിചിത്രമെന്നു പറയട്ടെ, സ്വതന്ത്ര ഭാരതത്തിലെ തിരുവിതാംകൂർ/കേരള ഗവർമ്മേണ്ടുകൾ സ്വതന്ത്ര ഭാരതത്തിലെ മദ്രാസ് സംസ്ഥാനം/തമിഴ്നാട് ഒന്നും കണ്ടില്ലെന്ന മട്ടിൽ കഴിയുന്നു. പഴയ മദ്രാസ് പ്രസിഡൻസിക്കു നൽകിയിരുന്ന സൗജന്യങ്ങളെല്ലാം ഇന്നത്തെ തമിഴ്നാടിനും നൽകുന്നു! കേരളം എന്ന പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ കേരളത്തിന്നുള്ള അവകാശാധികാരങ്ങൾ സ്ഥാപിച്ചെടുക്കാൻ അവർ ഒരു ശ്രമംപോലം നടത്തിയിട്ടില്ല. ഒറീസക്കാർ അവരുടെ വഴിക്കുപോയി. ആന്ധ്രക്കാർ അവരുടെ ➡ വഴിക്കുപോയി. കർണാടകക്കാർ അവരുടെ വഴിക്കുപോയി. എന്നാൽ കേരളം മാത്രം പഴയ മദ്രാസ് പ്രസിഡൻസിയുടെ അടിമകളായി കഴിയുന്നു.

മുല്ലപ്പെരിയാറാകെ ഭരണഘടനാപരമായി കേരളത്തിൽ പെട്ടതാണ്. അവിടെ ഭരണം നടത്താൻ കേരളത്തിന്നാണ് അവകാശം. കേരള നിയമസഭയുടെ III-ാം സബ്ജക്ട് കമ്മിറ്റിക്ക് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ചില ഭാഗങ്ങളിൽ പ്രവേശിക്കാൻ തമിഴ്നാട് ഉദ്യോഗസ്ഥന്മാർ കഴിഞ്ഞ ഡിസംബർ 8ന്ന് അനുമതി നിഷേധിക്കുകയുണ്ടായി. സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാൻ സാക്ഷാൽ ജലസേചനമന്ത്രി പി.ജെ. ജോസഫ് തന്നെയായിരുന്നു. എന്നിട്ടോ? നിയമസഭാ കമ്മിറ്റിക്ക് പ്രവേശനം നിഷേധിച്ചതു സംബന്ധിച്ച് മന്ത്രി ഒരു FIR പോലും സമർപ്പിച്ചിട്ടില്ല. തീർന്നില്ല, അണക്കെട്ടിലെ ചോർച്ച കാണാൻ തമിഴ്നാട് ഉദ്യോഗസ്ഥന്മാർ അനുമതി നൽകിയില്ലെന്ന് പത്രക്കാരോട് പരാതിപറഞ്ഞ് മന്ത്രി സംതൃപ്തനായി.

ഒരു ശങ്ക. തമിഴ്നാടിനുവേണ്ട ജലം നൽകാമെന്ന് കേരള ഗവർമ്മേണ്ട് ആവർത്തിച്ചു പ്രസ്താവിച്ചിട്ടും അണക്കെട്ടിന്റേയും ജലസംഭരണിയുടേയും ഭരണപരമായ നിയന്ത്രണാധികാരം തങ്ങൾക്കാകണമെന്ന് തമിഴ്നാട് പറയുന്നതിന്റെ രഹസ്യമെന്താണ്? അവിടെ മറച്ചുയ്ക്കാനോ പൂഴ്ത്തിവയാക്കാനോ വല്ലതും നിർമ്മിച്ചിട്ടുണ്ടോ? ❏

# പത്രക്കാരും ഉത്തരവാദിത്വവും

- ജസ്റ്റീസ് (റിട്ട.) മാർക്കണ്ഡേയ കാട്ജു -

ഇന്ത്യൻ മാധ്യമങ്ങൾ അല്പം ആത്മപരിശോധന നടത്തേണ്ട സമയം അതിക്രമിച്ചു. മാധ്യമങ്ങൾ തീർത്തും നിരുത്തരവാദപരമായി പെരുമാറുന്നുവെന്ന് അധികൃതർ മാത്രമല്ല സാധാരണക്കാരും പറഞ്ഞു തുടങ്ങിയിട്ടുണ്ട്. ചാനലുകൾക്ക് ലൈസൻസ് നൽകുന്നതിന്ന് കേന്ദ്ര ഗവർമമേണ്ട് ചില നിയന്ത്രണങ്ങൾ കൊണ്ടുവരുന്നുവെന്ന് ഈയിടെ പത്രങ്ങളിൽ വായിച്ചു. ഇതിന്ന് കുറെയേറെ എതിർപ്പുകളുമുണ്ട്. ഭരണഘടനയുടെ 19(1)(എ) അനുഛേദത്തിൽ അഭിപ്രായ പ്രകടന സ്വാതന്ത്ര്യത്തിന്ന് ഉറപ്പു നൽകുന്നു. മാധ്യമങ്ങളുടെ അടിസ്ഥാനപരമായ ചുമതലകളിലൊന്ന് ജനങ്ങൾക്ക് സത്യസന്ധമായ വിവരം നൽകലാണ്. എന്നാൽ ഇന്ത്യൻ മാധ്യമങ്ങൾ ഈ ചുമതല ശരിക്കു നിർവ്വഹിക്കുന്നുണ്ടോ? ഇന്ത്യൻ മാധ്യമങ്ങളുടെ പ്രവർത്തനത്തിലെ ചില ന്യൂനതകൾ ഞാനിവിടെ ചൂണ്ടിക്കാണിക്കാം.

## വളച്ചൊടിക്കൽ

മാധ്യമങ്ങൾ പലപ്പോഴും വസ്തുതകളെ വളച്ചൊടിക്കുന്നു. ഒരു ഉദാഹരണം പറയാം. ഒരു ദിവസം പ്രധാനപ്പെട്ട ഒരു ഇംഗ്ലീഷ് ദിനപത്രം ജ. ജ്ഞാനസുധാ മിശ്രയുടെ ചിത്രത്തോടെ ഒന്നാം പേജിൽതന്നെ ഒരു വാർത്ത നൽകുന്നു. "തന്റെ പുത്രിമാർ തനിക്കൊരു ബാധ്യതയാണെന്ന് സുപ്രീം കോടതി ജഡ്ജി പറയുന്നു". പത്രത്തിന്റെ ഒന്നാം പേജിൽ പ്രത്യക്ഷപ്പെട്ട വളച്ചൊടിച്ച ഒരു വാർത്തയാണിത്.

സുപ്രീം കോടതി ജഡ്ജിമാർ തങ്ങളുടെ ആസ്തി-ബാധ്യതകൾ

പ്രസിദ്ധീകരിക്കണമെന്ന് വ്യവസ്ഥയുണ്ട്. ബാധ്യത എന്ന കോളത്തിൽ ജ. ജ്ഞാൻസുധ അവിവാഹിതരായ രണ്ടു പുത്രിമാർ എന്ന് എഴുതിയിട്ടുണ്ടായിരുന്നു. യഥാർത്ഥത്തിൽ ഇതെഴുതേണ്ട ആവശ്യമില്ലായിരുന്നു. ബാധ്യത എന്നു പറഞ്ഞാൽ നിയമാനുസൃതം തീർക്കേണ്ട ബാധ്യത എന്നാണർത്ഥം. അതായത് ഭവന വായ്പ തീർക്കാനുണ്ടെങ്കിൽ അത്; കാർ വാങ്ങിയ വകയിൽ തീർക്കാൻ ബാധ്യതയുണ്ടെങ്കിൽ അത് എന്നിവ ഉദാഹരണം. ജ. ജ്ഞാനസുധ ഉദ്ദേശിച്ചത് പുത്രിമാരുടെ വിവാഹച്ചലവാണ്. ജഡ്ജിക്ക് മകനില്ല മൂന്നു പുത്രിമാരാണുള്ളത്. മൂത്ത പുത്രിയുടെ വിവാഹം കഴിഞ്ഞിരുന്നു. ഇതല്ലാതെ പുത്രിമാർ തനിക്കൊരു ഭാരമാണെന്ന് ജഡ്ജി ഉദ്ദേശിച്ചിരുന്നില്ല. അതുകൊണതന്നെ വാർത്ത നുണയാണ്. വളച്ചൊടിച്ച വാർത്തയാണ്.

## വാർത്തക്ക് പ്രതിഫലം

പത്രങ്ങളുടെ മറ്റൊരു ന്യൂനത പ്രതിഫലം വാങ്ങി വാർത്ത നൽകുന്നുവെന്നതാണ്. ഈയിടെ ഇത് വലിയ ബഹളത്തിന്നിടയാക്കി. 2009 ലെ ലോകസഭാ തിരഞ്ഞെടുപ്പിൽ ഇതൊരു അഴിമതിയായി വളർന്നു. ഈ ദുഷിച്ച ഏർപ്പാടിന്ന് എങ്ങനെ അറുതി വരുത്താമെന്ന് ചർച്ച ചെയ്യപ്പെടേണ്ടതാണ്. 2011 നവമ്പർ 19ന്ന് എലക്ഷൻ കമ്മീഷൻ ആവശ്യപ്പെട്ടതനുസരിച്ച് ഞങ്ങൾ ചില നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 2010ൽ പ്രസ് കൗൺസിൽ തിരസ്കരിച്ച നിർദ്ദേശങ്ങളാണവ.

## വാർത്ത സൃഷ്ടിക്കൽ

വാർത്തയേയല്ലാത്തവ വാർത്തയാക്കി മാറ്റുന്നതാണ് മറ്റൊരു പ്രശ്നം. ഇവിടെ യഥാർത്ഥ പ്രശ്നങ്ങൾ വാർത്തയേയല്ലാതാകുന്നു. ഇന്ത്യയിലെ ഇന്നത്തെ യഥാർത്ഥ പ്രശ്നം സാമ്പത്തികമാണ്. നമ്മുടെ ജനങ്ങളിൽ 80 ശതമാനവും ദാരിദ്ര്യത്തിലാണ്ടു കിടപ്പാണ്. അവർക്ക് തൊഴിലില്ല; വീടില്ല; ചികിത്സാ സൗകര്യമില്ല. പക്ഷെ നമ്മുടെ പത്രങ്ങൾ ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടുന്നു. ഏതെങ്കിലും സിനിമാ താരത്തിന്റെ ഭാര്യ ഗർഭിണിയായോ അവർ ഇരട്ട കുട്ടികളെ പ്രസവിക്കുമോ തുടങ്ങിയ അസംബന്ധ വാർത്തകളിലേക്ക് ജനശ്രദ്ധ തിരിച്ചുവിടുന്നു.

ലക്മെ ഇന്ത്യ ഫാഷൻവാരം ഈയിടെ നടന്നു 512 പത്രപ്രവർത്തകർക്ക് അക്രഡിറ്റേഷൻ നൽകിയിരുന്നു. അനേകതരം മോഡലുകൾ പ്രദർശിപ്പിക്കപ്പെട്ടു. അവിടെ പ്രദർശിപ്പിക്കപ്പെട്ട പരുത്തി തുണികൾ ഉണ്ടാക്കാൻ പരുത്തി കൃഷി ചെയ്തവർ അപ്പുറത്ത് ആത്മഹത്യ ചെയ്യുകയായിരുന്നു. ആ കഥ ആരും എഴുതിയില്ല; അല്ലെങ്കിൽ ഒന്നോ രണ്ടോ പ്രാദേശിക ലേഖകന്മാർ എഴുതിയിരിക്കാം.

ഇതൊക്കെയാണോ പത്രക്കാരുടെ ഉത്തരവാദിത്വം. നമ്മുടെ ജനങ്ങളിൽ 75 ശതമാനവും അനുഭവിച്ചുവരുന്ന സാമ്പത്തിക ദുരിതങ്ങളുടെ നേരെ പത്രക്കാർ കണ്ണടച്ചാലോ? അതേസമയം തിളങ്ങുന്ന നഗരങ്ങളിലേക്ക് ജനശ്രദ്ധ തിരിച്ചുവിടുന്നു. ബ്രഡ്ഡില്ലെങ്കിൽ കേക്കു തിന്നട്ടെ എന്നു പറഞ്ഞ രാജ്ഞിയെപ്പോലെ നമ്മുടെ പത്രക്കാരും പെരുമാറുന്നു.

കർഷക ആത്മഹത്യയെപ്പറ്റി അവശ്യ വസ്തുക്കളുടെ വിലവർദ്ധനയെപ്പറ്റി, നമ്മുടെ പത്രക്കാർ ഇടയ്ക്ക് എഴുതുന്നില്ലെന്നല്ല പറയുന്നത്. പക്ഷെ അത് ആകെയുള്ള വാർത്തയുടെ അഞ്ചോ പത്തോ ശതമാനമേ വരൂ. വാർത്തയുടെ സിംഹഭാഗവും ഫാഷൻ പരേഡും ക്രിക്കറ്റും സിനിമാതാരങ്ങളും പോപ്പ് സംഗീതവും അപഹരിക്കുന്നു.

നാലാമത്തെ ന്യൂനത ബോംബ് സ്ഫോടനമാണ്. ദൽഹി ഹൈക്കോടതിക്കടുത്ത്, മുംബായിൽ, ബാഗ്ലൂരിൽ അങ്ങനെ പലേടത്തും ബോംബ് സ്ഫോടനമുണ്ടായി. ഇത്തരം സ്ഫോടനങ്ങളുണ്ടായാൽ അല്പസമയത്തിന്നകം ടെലിവിഷൻ ചാനലുകൾ അതിന്റെ ദൃശ്യങ്ങൾ ആവർത്തിച്ചാവർത്തിച്ച് പ്രദർശിപ്പിക്കും. അതിന്നുത്തരവാദി ഇന്ത്യൻ മുജാഹിദീനാണെന്നോ ജെയ്ഷെ മൊഹമ്മദാണെന്നോ ഹർക്കത്തുൽ ജിഹാദി ഇസ്ലാമാണെന്നോ പറയും. ഇവർ ഇ-മെയിൽ അയച്ചിട്ടുണ്ടെന്നോ ടെക്സ്റ്റ് മെസേജ് അയച്ചിട്ടുണ്ടെന്നോ അവകാശപ്പെടും. ഇത്തരം സംഘടനകളുടെ പേരല്ല ഇസ്ലാമികവുമായിരിക്കും. ഇ-മെയിൽ ആർക്കും അയക്കാവുന്നതേയുള്ളൂ എന്ന് ആരും ഓർക്കാറില്ല. ടെലിവിഷൻ ചാനലുകളിലും അടുത്ത ദിവസത്തെ പത്രങ്ങളിലും മുസ്ലീമുകളെല്ലാം ഭീകരന്മാരോ ബോംബേറുകാരോ ആണെന്നു വരുന്നു.

ഹിന്ദുക്കളാകട്ടെ, മുസ്ലീമുകളാകട്ടെ, ക്രിസ്ത്യാനികളാകട്ടെ, ആരായാലും ശരി, ജനങ്ങളിൽ 99 ശതമാനവും നല്ലവരാണ്. എന്നാൽ ടെലിവിഷനിൽ അവതരിപ്പിക്കുന്ന രീതി കണ്ടാൽ മുസ്ലീമുകളെല്ലാം ഭീകരരാണെന്ന് തോന്നും. പരമ വിഡ്ഢിത്തമാണിത്. ഇത്തരം ഇ-മെയിൽ സന്ദേശമയക്കുന്നവരുടെ ലക്ഷ്യംതന്നെ വിദ്വേഷം ജനിപ്പിക്കലാണ്. പണ്ട് ബ്രിട്ടീഷുകാർ ചെയ്തിരുന്ന ഭിന്നിപ്പിച്ചു ഭരിക്കലിന്റെ പുതിയ രൂപമാണിത്. മാധ്യമങ്ങൾ അറിഞ്ഞുകൊണ്ടുതന്നെ ഇതിന്നിരയാകണോ?

ശരിയാണ്, മാധ്യമങ്ങൾക്ക് മാത്രമല്ല ന്യൂനതകളുള്ളത്. മറ്റു മേഖലകളിലുമുണ്ട് ന്യൂനതകൾ. ഉദാഹരണത്തിന്ന് നീതിന്യായ സംവിധാനം, ഉദ്യോഗസ്ഥ മേധാവിത്വം അങ്ങനെ പലതിലും വീഴ്ചകളേറെയുണ്ട്.

മാധ്യമങ്ങളിലെ പോരായ്മകൾ പരിഹരിക്കാൻ രണ്ടു മാർഗ്ഗങ്ങളുണ്ട് ഒന്നാമത്തേത് ജനാധിപത്യപരമായ മാർഗ്ഗം; അതായത് ചർച്ചകളിലൂടേയും കൂടിയാലോചനകളിലൂടേയും പ്രേരണകളിലൂടേയുമാണ്. ഞാനിഷ്ടപ്പെടുന്നതും ഇതാണ്. മാധ്യമങ്ങൾക്കെതിരെ കർക്കശ നടപടിയെടുക്കുക എന്നതാണ് രണ്ടാമത്തെ മാർഗ്ഗം. തെറ്റു ചെയ്യുന്നവർക്ക് കനത്ത പിഴയിടാം; സർക്കാർ പരസ്യങ്ങൾ നൽകുന്നത് നിർത്തി, മാധ്യമങ്ങളുടെ ലൈസൻസ് തന്നെ സസ്പെൻഡ് ചെയ്യാം.

ഒരു ജനാധിപത്യ സംവിധാനത്തിൽ നാം ജനാധിപത്യപരമായ പരിഹാരങ്ങൾക്കാണ് ആദ്യം ശ്രമിക്കേണ്ടത്. ഞാനൊരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മാധ്യമങ്ങളുമായി നിരന്തരം ചർച്ച നടത്തലാണത്. ആത്മ പരിശോധനയുടേതായ മാർഗ്ഗമാണത്. കുറ്റങ്ങളും കുറവുകളും കണ്ടെത്താൻ അതു സഹായിക്കും. ഏതെങ്കിലും ബാഹ്യ ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനേക്കാൾ ഭേദമാണിത്. രണ്ടോ മൂന്നോ മാസത്തിലൊരിക്കൽ ഈ സമ്മേളനം നടത്താൻ ഉദ്ദേശിക്കുന്നു. എന്നിട്ടും മാധ്യമങ്ങൾ നേർവഴിക്കു വന്നില്ലെങ്കിൽ കർക്കശ നടപടികൾതന്നെ വേണ്ടിവരും. അത് അറ്റകൈ പ്രയോഗമാകും.

(പ്രസ്സ് കൗൺസിൽ ഓഫ് ഇന്ത്യയുടെ പുതിയ ചെയർമാനാണ് ജ. (റി.) മാർക്കണ്ഡേയ കാട്ജു). ❑

# വിവരാവകാശ നിയമത്തെ ശ്വാസംമുട്ടിച്ചു കൊല്ലുന്നു

**- ഷോണാലി ഘോസൽ -**

**2**005 ലെ വിവരാവകാശ നിയമം ഭേദഗതി ചെയ്യുന്ന കാര്യത്തെപ്പറ്റി മിണ്ടിയാൽമതി, ജനങ്ങൾ ബഹളം കൂട്ടിത്തുടങ്ങും. ഗവർമ്മേണ്ടിന്റെ ഉത്തരവാദിത്വം നിലനിർത്താനുള്ള ജനങ്ങളുടെ ഏറ്റവും പ്രധാനമായ കരു ഇതാണെന്നതുകൊണ്ടാകാം ഈ പരിഭ്രമം. വിവരാവകാശ നിയമത്തെ കൊല്ലുന്നതു പോകട്ടെ, വെറും അവഗണനകൊണ്ട് അതിനെ ശ്വാസംമുട്ടിച്ചു കൊന്നാൽ നിങ്ങളെന്തു ചെയ്യും?

വിവരങ്ങൾ ലഭിക്കുന്നതിന്നുള്ള അപേക്ഷകളും കമ്മീഷന്റെ തീരുമാനങ്ങൾക്കെതിരായ അപ്പീലുകളും കുന്നുകൂടിക്കൊണ്ടിരിക്കുകയാണ്. അതേ സമയം വിവരാവകാശ കമ്മീഷണർമാരുടെ എണ്ണം കുറഞ്ഞുവരുന്നു. ആന്ധ്രയിൽ കഴിഞ്ഞ നവമ്പറിൽ നാലു കമ്മീഷണർമാരുണ്ടായിരുന്നു. പതിനൊന്നു കമ്മീഷണർമാർ ഉണ്ടാകേണ്ട സ്ഥാനത്താണിത്. ഇന്നിപ്പോൾ ആകെക്കൂടി ഒരു ചീഫ് ഇൻഫർമേഷൻ കമ്മീഷണർമാത്രമാണുള്ളത്. ഉടനടി ചിലരെ നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവർമ്മേണ്ടിന്ന് പല സന്ദേശങ്ങളും അയച്ചിട്ടും ഫലമൊന്നുമില്ല. പരാതികളുടേയും അപ്പീലുകളുടേയും എണ്ണം 2010 ന്റെ അവസാനത്തിൽ 4000 ആയിരുന്നത് ഇപ്പോൾ 8296 ആയിട്ടുണ്ട്.

ഒരാൾക്ക് ചെയ്യാവുന്ന ജോലിക്ക് ഒരു പരിധിയുണ്ട്. അഞ്ചു കമ്മീഷണർമാരെയെങ്കിലും ഉടനടി നിയമിച്ചേ തീരൂ എന്ന് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ പറയുന്നു. ഇതു സംബന്ധിച്ച് ഹൈക്കോടതിയുടെ ഒരു കല്പനയുമുണ്ട്. പക്ഷെ നിയമനാധികാരം ഗവർമ്മേണ്ടിന്നാണ്. ഓരോ സംസ്ഥാനത്തിന്നും പരമാവധി 11 കമ്മീഷണർമാരെവരെ നിയമിക്കാം.

ഗുജറാത്തിൽ ഈ ജൂലായ് വരെ മൂന്നു കമ്മീഷണർമാരുണ്ടായിരുന്നു. ഇപ്പോൾ ആകെ ഓരാളേയുള്ളൂ. പരാതികളുടെ എണ്ണമാകട്ടെ 7668 ആയി. രാജസ്ഥാനിലാണെങ്കിൽ ഈ ഏപ്രിൽ മുതൽ ചീഫ് ഇൻഫർമേഷൻ കമ്മീഷണർ തന്നെയില്ലായിരുന്നു. കഴിഞ്ഞ സെപ്തംബർ 5ന്ന് ആകെയുള്ള ഒരു ഇൻഫർമേഷൻ കമ്മീഷണറെ "ചീഫ്" ആയി നിയമിച്ചിട്ടുണ്ട്. (ചീഫ് ഇൻഫർമേഷൻ കമ്മീഷണറില്ലാതെ കമ്മീഷൻ പ്രവർത്തിച്ചുകൂടാ എന്നാണ് നിയമം)

അഞ്ചു ഇൻഫർമേഷൻ കമ്മീഷണർമാരുണ്ടെങ്കിലും മഹാരാഷ്ട്രത്തിൽ പരാതികൾ കുന്നുകൂടുകയാണ്. 2010 ആഗസ്റ്റിൽ 15812 പരാതികളാണ് ബാക്കിയുണ്ടായിരുന്നതെങ്കിൽ ഈ ജൂണിൽ 19691 ആയി. സംസ്ഥാന ഗവർമ്മേണ്ട് മാത്രമല്ല ഇതിന്നുത്തരവാദി. കേന്ദ്ര ഇൻഫർമേഷൻ കമ്മീഷണറായ ശൈലേശ് ഗാന്ധിക്ക് മാസത്തിൽ 500 അപ്പീലുകളിൽ തീരുമാനമെടുക്കാൻ കഴിയുന്നുണ്ട്. പക്ഷെ സംസ്ഥാന കമ്മീഷണർമാർക്ക് 150നും 200നും ഇടക്കുമാത്രമേ തീരുമാനമെടുക്കാൻ കഴിയുന്നുള്ളൂ. ഓരോ ഇൻഫർമേഷൻ കമ്മീഷണറും എത്ര പരാതികളിൽ തീരുമാനമെടുക്കണമെന്നതാണ് ചോദ്യം. ഝാർഖണ്ഡിൽ കഴിഞ്ഞ കൊല്ലം 372 പരാതികൾ മാത്രമേ ബാക്കിയായിട്ടുണ്ടായിരുന്നുള്ളൂ. ഇപ്പോൾ 1257 പരാതികൾ ബാക്കിയുണ്ട്. ഝാർഖണ്ഡിൽ ഇപ്പോൾ ഒരൊറ്റ കമ്മീഷണറേയുള്ളൂവെന്നത് ശരിയാണ്. പക്ഷെ അയാൾ എന്തെങ്കിലും പണിയെടുക്കുന്നുണ്ടോ എന്നറിയാൻ എന്താണൊരു മാർഗ്ഗം? ഒരു കമ്മീഷനിൽ എത്ര പേർ ഉണ്ടാകണം? ശൈലേശ് ഗാന്ധി പറയുന്നത് ഒരു കമ്മീഷണർ 5000 പരാതിയിലെങ്കിലും തീരുമാനമെടുക്കണമെന്നാണ്.

കേന്ദ്ര ഇൻഫർമേഷൻ കമ്മീഷനിൽ പോലും പരാതികൾ കുന്നുകൂടുകയാണ്. 2008 ഏപ്രിൽ 1ന് 6820 പരാതികളിൽ തീരുമാനമെടുക്കേണ്ടതുണ്ടായിരുന്നു. ഇപ്പോഴത് 20,000 നു മേലായി. കേന്ദ്രത്തിലെ ചീഫ് ഇൻഫർമേഷൻ കമ്മീഷണറായ സത്യാനന്ദ മിശ്ര പ്രധാനമന്ത്രിയുടെ ഓഫീസിലേക്ക് പലതവണ എഴുതിയിട്ടും ഫലമൊന്നുമില്ല. വിവരാവകാശ നിയമത്തെ കൊല്ലാൻ ഉപയോഗിക്കുന്ന മാർഗ്ഗങ്ങളിലൊന്നാണിത്. കുറെ തവണ എഴുതിക്കഴിയുമ്പോൾ പരാതിക്കാരൻ മനംമടുത്ത് പിന്മാറിക്കൊള്ളുമെന്നായിരിക്കും ഉദ്ദേശം. വിവരാവകാശ നിയമത്തെ ബോധപൂർവ്വം കൊല്ലലല്ല ഇത്. പക്ഷെ ഫലം അതായിരിക്കും.

ഇൻഫർമേഷൻ കമ്മീഷണർമാർ കൂടുതൽ പണിയെടുക്കാൻ സന്നദ്ധരായാലേ ഈ സ്ഥിതിക്ക് അറുതിവരൂ എന്നാണ് ശൈലേശ് ഗാന്ധി പറയുന്നത്. ഇൻഫർമേഷൻ കമ്മീഷണർമാരുടെ എണ്ണത്തിലുള്ള കുറവുമൂലം വിവരാവകാശ നിയമം ഇല്ലാതാകുമെന്നാണോ പ്ലാൻ എന്നു ചോദിച്ചപ്പോൾ, അതുമാത്രമല്ല കാര്യമെന്ന് ശൈലേശ് ഗാന്ധി പറഞ്ഞു. ഇൻഫർമേഷൻ കമ്മീഷണർമാർ കൂടുതൽ പണിയെടുക്കണമെന്ന് അദ്ദേഹം പറയുന്നു. മൂന്നു കൊല്ലം മുമ്പ് ഇൻഫർമേഷൻ കമ്മീഷണർമാർ കൊല്ലത്തിൽ 2500 പരാതികളിലേറെ കൈകാര്യം ചെയ്തിരുന്നതാണ്. ഇപ്പോൾ കൊല്ലത്തിൽ 1000 പരാതികൾ പോലും കൈകാര്യം ചെയ്യാത്തവർ ഏറെയാണ്. ഈ പോക്കുപോയാൽ എത്ര കമ്മീഷണർമാരുണ്ടായാലും ഫലമില്ലാതാവുമെന്ന് ശൈലേശ് ഗാന്ധി പറയുന്നു.

സാമാന്യേന എത്ര പരാതികൾ ഒരു കമ്മീഷണർ കൈകാര്യം ചെയ്യണമെന്നു ചോദിച്ചപ്പോൾ, അങ്ങനെ ഒരു വ്യവസ്ഥയൊന്നും പറ്റില്ലെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ ഒരു കൊല്ലം അയ്യായിരത്തിൽപരം പരാതികൾ കൈകാര്യം ചെയ്യുന്നുണ്ട്. കഴിഞ്ഞ മൂന്നു കൊല്ലംകൊണ്ട് പതിനാറായിരത്തിൽ പരം പരാതികളിൽ തീർപ്പുണ്ടാക്കി. ഏതാണ്ട് അത്രക്ക് സാധിക്കും. താൻ ചെയ്യുന്നതിൽ അസാധാരണമായിട്ടൊന്നുമില്ലെന്നും അദ്ദേഹം പറഞ്ഞു. 2008 വരെയുള്ള കേന്ദ്ര കമ്മീഷന്റെ പണിനോക്കൂ. അഞ്ചു കമ്മീഷണർമാർ മുപ്പതുമാസംകൊണ്ട് 16357 പരാതികൾക്ക് പരിഹാരമുണ്ടാക്കി. ഒരു കമ്മീഷന്ന് കൊല്ലത്തിൽ 30,000 പരാതി കിട്ടുന്നുണ്ടെന്നു കരുതുക. അപ്പോൾ എത്ര കമ്മീഷണർമാരുണ്ടായാലും മതിയാകില്ല.

ഒരു കമ്മീഷണർ എത്ര പരാതി കൈകാര്യം ചെയ്യണമെന്നതിന്ന് കണക്കൊന്നുമില്ലേ എന്നു ചോദിച്ചപ്പോൾ, അങ്ങനെ ഒന്നുമില്ലെന്നായിരുന്നു മറുപടി. പ്രശ്നത്തിന്റെ മർമ്മം അവിടെയാണ്. ഓരോ കമ്മീഷണറും കൊല്ലത്തിൽ അമ്പതുമുതൽ അറുപതു ലക്ഷം വരെ ഖജനാവിൽനിന്ന് ചെലവാക്കുന്നുണ്ട്.

ചോ: ഓരോ സംസ്ഥാനത്തും ഉണ്ടാകുന്ന പരാതികൾ എത്രയായാലും എല്ലാ സംസ്ഥാനങ്ങളിലും പതിനൊന്ന് കമ്മീഷണർമാർ എന്ന് വ്യവസ്ഥ ചെയ്താലോ?

ഉത്തരം: ചെറിയ സംസ്ഥാനങ്ങളിൽ ഇത്രയേറെ കമ്മീഷണർമാർ വേണ്ട. ഒരു സംസ്ഥാന കമ്മീഷന്ന് കൊല്ല

ത്തിൽ അയ്യായിരത്തിൽപരം പരാതികൾ ലഭിക്കുന്നില്ലെങ്കിൽ ഒരു കമ്മീഷണർ തന്നെ ധാരാളമാണ്.

ചോ: സന്തുലിതാവസ്ഥയില്ലാത്ത ഏതെങ്കിലും സംസ്ഥാനമുണ്ടോ?

ഉത്തരം: അരുണാചല പ്രദേശത്തിന്റെ കഥ നോക്കൂ. ഇന്ത്യയിലെ ഏറ്റവും വഷളായ വിവരാവകാശ കമ്മീഷൻ അതാണ്. അവിടെ ആറു കമ്മീഷണർമാരുണ്ട്. എന്നിട്ടും കൊല്ലത്തിൽ 100 കേസ് പോലും കൈകാര്യം ചെയ്യുന്നില്ല.

ചോ: ഈ കോട്ടം എങ്ങനെ പരിഹരിക്കാം. എന്തെങ്കിലും ഒരു മാനദണ്ഡം നിശ്ചയിച്ചുകൂടേ?

ഉത്തരം. എന്തുകൊണ്ടുവയ്യ? 30 ദിവസത്തിന്നകം പരിഹാരമുണ്ടാക്കാത്ത കേസുകൾക്കായി നാം ഒരു അപ്പലേറ്റ് അഥോറിട്ടിയെ വച്ചിട്ടില്ലേ. പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ കാര്യത്തിൽ അതാകാമെങ്കിൽ, ഇൻഫർമേഷൻ കമ്മീഷന്റെ കാര്യത്തിലും എന്തുകൊണ്ടായിക്കൂടാ?

ചോദ്യം: എത്രപരാതികൾക്ക് പരിഹാരമുണ്ടാക്കി എന്നു ചോദിച്ചുകൊണ്ട് ഞാനൊരു വിവരാവകാശ അപേക്ഷ സമർപ്പിക്കട്ടെ?

ഉത്തരം. തീർച്ചയായും സമർപ്പിക്കാം നിർഭാഗ്യവശാൽ ആളുകൾ അതു പോലും ചെയ്യുന്നില്ല. എന്തുകൊണ്ടിതിങ്ങനെ അനാഥമായി കിടക്കുന്നു എന്നു ചോദിച്ചുകൊണ്ട് പൗരന്മാരോ മാധ്യമങ്ങളോ ഒരു ചോദ്യം പോലും ചോദിക്കുന്നില്ല. വിവരാവകാശ നിയമം ഭേദഗതി ചെയ്യുകയോ അതിൽ മായം ചേർക്കുകയോ ഒന്നും വേണ്ട, വെറുതെ അവഗണിച്ചാൽ മതി, അത് ചത്തുപോയിക്കൊള്ളും. ❑



ഒറ്റപ്പാലം കോടതി പരിസരത്ത് നിൽക്കുന്ന മരമുത്തശ്ശി – ഈ ആലിന്ന് 500 വർഷത്തെ മൂപ്പുണ്ടെന്ന് വനംവകുപ്പുകാർ പറയുന്നു.



# 1976 ലെ വിധി

തമിഴ്നാട് മിടുക്കന്മാരായ സ്വാമിമാരാൽ അനുഗൃഹീതമാണ്. കുശുമ്പു വിചാരിച്ചതുകൊണ്ടോ പറഞ്ഞുതുകൊണ്ടോ കാര്യമില്ല. നമ്മുടെ സ്വന്തം സർ.സി. പിയിൽനിന്ന് ആരംഭിക്കുന്നു. വേണമെങ്കിൽ കുറെ കൂടി പിന്നോക്കം പോകാം. പാവങ്ങൾ ബുദ്ധമതക്കാരായ ശ്രീലങ്കക്കാൽ തമിഴരോട് അല്പം സന്മനസ്സു കാണിച്ചതു കൊണ്ട് അവർക്കുണ്ടായ മാരണങ്ങൾ നാം ഈയിടെ കണ്ടതാണ്. പുലികുട്ടികൾ വിമാനാക്രമണംവരെ നടത്തി. (ആ പുലികളും വിമാനങ്ങളും എവിടെ നിന്നു വന്നുവെന്നോ എങ്ങോട്ടുപോയി രക്ഷപ്പെട്ടുവെന്നോ ഇന്നും ആർക്കും അറിയില്ല). അതുപൊകട്ടെ പാണ്ടൻനായുടെ പല്ലിനു ശൗര്യം പണ്ടെപ്പോലെ ഫലിക്കുന്നില്ല എന്നു കരുതിയാൽ മതി.

ശ്രീലങ്കയിലെ ബുദ്ധമതക്കാർ ഒരു വിധത്തിൽ രക്ഷപ്പെട്ടുവങ്കിലും കേരളം അത്ര എളുപ്പത്തിൽ രക്ഷപ്പെടില്ല. ഒരു ഭാഗത്ത് സാഹിത്യകാരനായ ചോ രാമസ്വാമിയും മറുഭാഗത്ത് വക്കീലായ സുബ്രഹ്മണ്യസ്വാമിയും കടന്നാക്രണത്തിന്ന് നേതൃത്വം നൽകുന്നു. ഡിസംബർ 24ലെ തെഹൽകയിൽ അതു കാണാം,

മുല്ലപ്പെരിയാർ അണക്കെട്ടിന്ന് 142 അടി ഉയരമെന്നാണ് കരാറിൽ പറയുന്നത്. പക്ഷെ കേരളം കള്ളക്കളി നടത്തുന്നതിനാൽ അത്രയൊന്നും വെള്ളം സംഭരിക്കാൻ കഴിയുന്നില്ലെന്നും തമിഴ്നാട്ടിലെ "പാവപ്പെട്ട കർഷകർ" തന്മൂലം വലയുകയാണെന്നും ചോ രാമസ്വാമി പറയുന്നു. അണക്കെട്ടിന്റെ ഉയരം ഉയർത്താമെന്ന് 2006 ൽ സുപ്രീം കോടതി പറഞ്ഞിട്ടുണ്ടത്ര. എന്നിട്ടും അതിന്നു വഴങ്ങാത്ത കേരളത്തെ ശിക്ഷിക്കാത്തതിലാണ് രാമസ്വാമിക്ക് ഖേദം. സുപ്രീം കോടതിയുടെ വിധിയെ മറികടക്കാനായി കേരളം ഒരു അണക്കെട്ടിൽ എത്രവെള്ളം ആകാമെന്ന് നിശ്ചയിക്കുന്ന ഒരു നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. ഈ "അതിക്രമ"ത്തെ സുപ്രീം കോടതി ശിക്ഷിക്കേണ്ടതായിരുന്നുവെന്നാണ് അദ്ദേഹം പറയുന്നത്.

ജയലളിത മുഖ്യമന്ത്രിയായിട്ടും ഇക്കാര്യതതിൽ ഒന്നും ചെയ്യുന്നില്ലല്ലോ എന്ന ചോദ്യത്തിന്ന്, ആ "പാവ"ത്തിന്ന് എന്തു ചെയ്യാൻ കഴിയും, എന്ന മറുചോദ്യമാണ് മറുപടി. സുപ്രീം കോടതിയുടെ വിധിയെത്തന്നെ ഒരു ഗവർമ്മേണ്ട് ധിക്കരിക്കുമ്പോൾ ജയലളിതക്ക് എന്തുചെയ്യാൻ കഴിയുമെന്നും അദ്ദേഹം ചോദിക്കുന്നു. അപ്പോൾ ആ വിധിയാണ് പ്രശ്നമെന്നുവരുന്നു. അല്ലെങ്കിൽ വി.എസ്. അച്ചുതാനന്ദൻ ഒരു അരുന്ധതി റോയ് അല്ലെന്നു മനസ്സിലാക്കിയതുകൊണ്ടാകാം. നമ്മുടെ ഇ.എ.എസ്. പോലും ശിക്ഷ ഏറ്റുവാങ്ങാനാണല്ലൊ തയ്യാറായത്.

ഒരു വിധിയാണ് എല്ലാറ്റിന്നും ആധാരമെങ്കിൽ 1976 ലെ വിധിയാണല്ലൊ ഇവിടത്തെ പ്രശ്നം. ഈയിടെ പ്രസിദ്ധ അഭിഭാഷകനായ പ്രശാന്ത് ഭൂഷൺ ഇന്ത്യയിലെ ജഡ്ജിമാരിൽ പലരും അഴിമതിക്കാരാണെന്ന് ആക്ഷേപിക്കുകയുണ്ടായി. കോടതി പതിവനുസരിച്ച് പ്രശാന്ത് ഭൂഷണന്നെതിരെ കോർട്ടലക്ഷ്യക്കേസെടുത്തു. അപ്പോൾ പിതാവായ ശാന്തി ഭൂഷൺ തന്നെ കക്ഷി ചേർക്കണമെന്ന് അപേക്ഷിക്കുക മാത്രമല്ല ചീഫ് ജസ്റ്റീസുമാരിൽ പകുതിയും അഴിമതിക്കാരായിരുന്നുവെന്ന് ആരോപിക്കുകയും ചെയ്തു. അപ്പോൾ ഡബ്ബിൾ കോർട്ടലക്ഷ്യക്കേസ് വരേണ്ടതായിരുന്നു. പക്ഷെ വന്നില്ല; ഒന്നും വന്നില്ല.

# കേരളത്തിൽ നിന്നൊരു അഴിമതി വിരുദ്ധ സേനാനി

**- ദീപ്തിപ്രിയ മെഹ്റോത്ര -**

ശാരദാമണി ദേവിക്ക് വയസ്സ് 84 ആയി. പതിനെഞ്ചാം വയസ്സിൽ സ്വാതന്ത്ര്യ സമര രംഗത്ത് ഇറങ്ങിയ അവർ പിന്നീട് പിന്തിരിഞ്ഞിട്ടില്ല. ദൽഹിയിൽ ഇടത്തരക്കാർ ജീവിക്കുന്ന മേഖലയിൽ ഇവരിന്നും ഓജസ്സോടെ ജീവിക്കുന്നു. തന്റെ സ്വപ്ന ഭാരതം സാക്ഷാൽക്കരിക്കാൻ അവരിന്നും ശ്രമിക്കുന്നു. അടിയന്തരാവസ്ഥക്കാലത്ത്, 1975 ൽ, പ്രധാനമന്ത്രി ഇന്ദിരാഗാന്ധിക്ക്, പതിനഞ്ച് പേജ് വരുന്ന ഒരു കത്ത് അവരെഴുതി. തങ്ങളുടെ സ്വപ്ന ഭാരതം എന്തായിരുന്നുവെന്ന് അവരെ അനുസ്മരിപ്പിച്ചു.



ശാരദാമണി ദേവി

ഈയിടെ ശാരദാമണി അഴിമതി വിരുദ്ധ പ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തനമാരംഭിച്ചു. ഇവർ ഒരു ഗാന്ധിയൻ സത്യാഗ്രഹ സംഘടനയിൽ ഇന്ന് സജീവമാണ്. കഴിഞ്ഞ രണ്ടു കൊല്ലമായി എല്ലാ ഞായറാഴ്ചകളിലും ഈ ഗാന്ധിയൻ ബ്രിഗേഡ് റിലേ ഉപവാസം നടത്തിവരുന്നു. ബ്രിഗേഡിലെ അംഗങ്ങൾ ഓരോരുത്തരായിട്ടാണ് സത്യാഗ്രഹം. ശാരദാമണിയുടെ ഊഴം വന്നാൽ അവരും ഉപവാസമനുഷ്ഠിക്കും. ഒരു ലോകപാൽ രൂപീകരിക്കുക, നിയമവിരുദ്ധമായി സമ്പാദിച്ച സമ്പത്ത് കണ്ടുകെട്ടുക, ക്രിമിനൽ പശ്ചാത്തലമുള്ളവർ തിരഞ്ഞെടുപ്പിന്നു നിൽക്കുന്നതിനെ നിരോധിക്കുക എന്നിവയാണ് ബ്രിഗേഡിന്റെ ആവശ്യങ്ങൾ.

ഈയിടെ ഗാന്ധിയൻ സത്യാഗ്രഹ ബ്രിഗേഡ് മരണംവരെ ഉപവാസമനു ➡

ജഡ്ജിമാർ അവരുടെ വർഗ്ഗ സ്വഭാവം കാണിക്കുമെന്നു പറഞ്ഞതിന്ന് ശിക്ഷിക്കപ്പെട്ട ഇ.എം.എസ്, ന്റേയും അരുന്ധതിയുടേയുമെല്ലാം കഥ ഓർമ്മയുള്ളവർക്ക് ഒരു ഡബ്ബിൾ വെടിക്കെട്ടിന്നുവക കിട്ടിയതായിരുന്നു. പക്ഷെ അതെവിടെ പോയി എന്നുപോലും ആരും അന്വേഷിച്ചില്ല.

ചോ രാമസ്വാമി ഉയർത്തിപ്പിടിക്കുന്ന 1976 ലെ ആ വിധിയുണ്ടല്ലോ. അത് ഈ വെടിക്കെട്ടുകൾക്കിടയിൽ ഉണ്ടായ ഒന്നാണോ? തമിഴ്നാടിന്റെ ബഡ്ജറ്റിൽ "അനാമത്ത്" ചെലവിനായി നീക്കിവച്ചിട്ടുള്ള തുകകളിൽ ഏതെല്ലാം ഏതു വഴിക്കു പോയെന്നു ഒന്നുമില്ലെങ്കിൽ ജയലളിതക്കെങ്കിലും അറിയാമല്ലോ. എന്തേ ജയലളിത മിണ്ടാത്തത്? ❑



ഷ്ഠിക്കാൻ തീരുമാനിച്ചപ്പോൾ ശാരദാമണി സ്വയം സന്നദ്ധയായി രംഗത്തുവന്നു. സുഹൃത്തുക്കളും കുടുംബാംഗങ്ങളും തടയാൻ ശ്രമിച്ചിട്ടും അവർ പിന്മാറിയില്ല. "ഏതായാലും എനിക്കിനി അധികം ആയുസ്സില്ല; അപ്പോൾ നല്ലൊരു കാര്യത്തിന്നായി മരിക്കുന്നതാണ് നല്ലത്" എന്നതായിരുന്നു അവരുടെ ന്യായവാദം. അങ്ങനെ മറ്റു നാലു പേരോടൊപ്പം ശാരദാമണിയും ജനുവരി 30ന് ഉപവാസമാരംഭിച്ചു. അവരിലൊരാൾ 93 വയസ്സുള്ള ശംഭുദത്ത് ശർമ്മയായിരുന്നു. ഈ സംഘത്തിൽ ശാരദാമണി മാത്രമായിരുന്നു സ്ത്രീയായിട്ടുണ്ടായിരുന്നത്. ജന്തർമന്ദറിൽ നടന്ന ആ ഉപവാസത്തെ അനുമോദിക്കാൻ 30,000 പേർ തടിച്ചുകൂടിയിരുന്നു. അന്നു വൈകുന്നേരം കിരൺ ബേദിയും സ്വാമി അഗ്നിവേശും ഇടപെട്ടു. 30,000 പേരാണ് ഇവിടെ തടിച്ചുകൂടിയിരിക്കുന്നത്; നിങ്ങളുടെ അഴിമതി വിരുദ്ധ സമരം ചെറുപ്പക്കാർ ഏറ്റെടുത്തിരിക്കുകയാണ് എന്ന് അവർ ചൂണ്ടിക്കാട്ടി. തന്മൂലം തങ്ങൾ മൂന്നുമാസത്തേക്ക് ഉപവാസം നിർത്തിവച്ചുവെന്ന് ശാരദാമണി പറയുന്നു.

ശാരദാമണിയുടെ ഇത്തരം ജനകീയ സമരങ്ങൾ 1941ൽ ആരംഭിച്ചതാണ്. മഹിളാ ആശ്രമത്തിന്ന് നേതൃത്വം നൽകാൻ അക്കൊല്ലമാണ് വർധയിൽ എത്തിയത്. ഞാനന്ന് മദ്രാസിൽ പഠിക്കുകയായിരുന്നു. അമ്മ വിളിച്ചതിനാൽ ഞാൻ 1942ൽ വർധയിലേക്ക് താമസം മാറ്റി. എല്ലാ ഞായറാഴ്ചയും അമ്മ സേവാ ആശ്രമത്തിലേക്ക് പോകും. ബാപ്പുവിന്റെ കൂടെ നടക്കും. മഹിളാ ആശ്രമ കാര്യങ്ങൾ ബാപ്പുവുമായി സംസാരിക്കും. വൈകുന്നേരം വരെ അമ്മ അവിടെയായിരിക്കും. ഉച്ചഭക്ഷണം ബാപ്പുവിന്റെ കൂടെയായിരിക്കും. ഇലകൾ തുന്നിക്കൂട്ടിയ പാത്രത്തിലായിരിക്കും ഭക്ഷണം കഴിക്കുന്നത്. എന്റെ അനുജൻ സിരീശ് അവിടെ മുഴുവൻ ഓടി നടക്കും. ഒരു ദിവസം ബാപ്പുവിന്റെ മേലേക്ക് മറിഞ്ഞു വീണ് ഭക്ഷണമെല്ലാം ചിതറിപ്പോയി. ബാപ്പു പൊട്ടിച്ചിരിച്ചു; പിന്നെ പോയി വസ്ത്രം മാറ്റിവന്നു. കസ്തൂർബായും ചിരിച്ചു. അവർ സ്ഥലമെല്ലാം വൃത്തിയാക്കി. അമ്മ സിരീശിനെ പിടിച്ച് എല്ലാം കഴുകി വൃത്തിയാക്കി.

ക്വിറ്റിന്ത്യാ സമരകാലത്തും ശാരദാമണിക്ക് പണി നിശ്ചയിച്ചിരുന്നു. അരുണാ ആസഫ് അലി, ഉഷമേത്ത, ജയപ്രകാശ് നാരായൺ, എന്നിവർ ചേർന്ന് ഒരു രഹസ്യ പ്രക്ഷേപണ സംവിധാനം ഉണ്ടാക്കിയിരുന്നു. പ്രക്ഷേപണം ബോംബേയിൽ നിന്നാണ്. മഹിളാ ആശ്രമവും സേവാ ആശ്രമവും ബ്രിട്ടീഷുകാർ പൂട്ടി മുദ്രവച്ചിരുന്നു. അതിനാൽ ഞങ്ങൾ ഒരു അനുഭാവിയുടെ വീട്ടിലേക്ക് പ്രവർത്തന കേന്ദ്രം മാറ്റി. ദിവസവും രാത്രിയാണ് പ്രക്ഷേപണമുണ്ടാകുക. പ്രക്ഷേപണം കേട്ട് അതിന്റെ അമ്പതോ അറുപതോ കോപ്പികൾ തയ്യാറാക്കലായിരുന്നു ഞങ്ങളെ ഏല്പിച്ചിരുന്ന പണി. ഇത് കൈകൊണ്ട് എഴുതിയുണ്ടാക്കണം. പലതരം വാർത്തകൾ കിട്ടും. കൊച്ചിയിൽ കുട്ടികൾ വന്ദേമാതരം ചൊല്ലിക്കൊണ്ട് ഘോഷയാത്ര നടത്തിയെന്നായിരുന്നു ഒരു വാർത്ത. പട്ടാളം വെടിവച്ചു; പതാകയേന്തി നടന്നിരുന്ന കുട്ടി മരിച്ചുവീണു. വേറൊരു കുട്ടി കൊടിയുമേന്തി മുന്നോട്ടു പോയി. ആ കുട്ടിയേയും വെടിവച്ചു കൊന്നു. അന്നു അഞ്ചു കുട്ടികൾ വെടിയേറ്റു മരിച്ചു. അവസാനം പട്ടാളം വെടിവെയ്ക്കാൻ വിസമ്മതിച്ചു.

രാവിലെ 6 മണിവരെ നിശാനിയമമുണ്ട്. ഞങ്ങൾ 4 മണിക്കുതന്നെ നിശാനിയമം ധ്വംസിച്ചുകൊണ്ട് എഴുതിയുണ്ടാക്കിയ നോട്ടീസുകൾ വിവിധ വീടുകളുടെ മുറ്റത്തേക്കെറിയും. അതുപോലെ നാൽക്കവലകളിൽ പതാക ഉയർത്തും.

ശാരദാമണി വെറും കുട്ടിയായിരുന്നിട്ടും കുട്ടികളേയും അറസ്റ്റ് ചെയ്തിരുന്നു. മറ്റുള്ളവരോടൊപ്പം ഞങ്ങളേയും വർധ സബ്ജയിലിൽ അടക്കാറുണ്ടായിരുന്നു. ജയിലിലെ നാറ്റം ശാരദാമണിക്ക് ഇന്നും ഓർമ്മയുണ്ട്. ബജ്റാ റൊട്ടിയും പയറുമായിരുന്നു ഭക്ഷണത്തിന്നു തന്നിരുന്നത്. ജയിലിലെ ക്രിമിനൽ വിഭാഗത്തിൽ ആറു കുട്ടികളും അവരുടെ അമ്മമാരുമുണ്ടായിരുന്നു. എല്ലാ ദിവസവും ഞങ്ങൾ രാവിലെ പതാക ഉയർത്തുകയും കീർത്തനം പാടുകയും പതിവായിരുന്നു.

1943 മേയിൽ കുട്ടികളെ വിട്ടയച്ചു. ശാരദാമണി അടൂരിലുള്ള അഛന്റെ വീട്ടിലേക്ക് പോയി. ഒരു തരത്തിലുള്ള രാഷ്ട്രീയത്തിലും ഉൾപ്പെടില്ലെന്ന് പ്രതിജ്ഞ ചെയ്യാൻ കൂട്ടാക്കാതിരുന്നതിനാൽ ഒരു കോളേജിലും പ്രവേശനം ലഭിച്ചില്ല. അക്കൊല്ലം ഒക്ടോബറിൽ അമ്മ ജയിൽ വിമുക്തയായി. തന്മൂലം 1944 ജനുവരിയിൽ ഞങ്ങളെല്ലാം മഹിളാ ആശ്രമത്തിലേക്ക് മടങ്ങി. ശാരദാമണിക്ക് നട്ടെല്ലിന്റെ വേദന മാറാതെ വന്നപ്പോൾ ചികിത്സക്കായി ബോംബെയിലേക്ക് പറഞ്ഞയച്ചു. അവിടേയും ശാരദാമണി രാഷ്ട്രീയ പ്രവർത്തനം നടത്താറുണ്ട്. ജനുവരി 26ന്ന് പതാക ഉയർത്തുകയും ഗാന്ധിജിക്ക് ജയ് വിളിക്കുകയും ചെയ്തു. അവിടത്തെ ഒരു പോലീസ് സ്റ്റേഷനിൽ പോയി പതാക ഉയർത്തി കയ്യോടെ അറസ്റ്റ് ചെയ്യപ്പെട്ടു. ഇരുപതോ ഇരുപത്തഞ്ചോ പേരെ ആർതർ റോഡ് ജയിലിലാക്കി.

ഏതാണ്ട് രണ്ടാഴ്ചക്കു ശേഷം എല്ലാവരേയും കോടതിയിൽ ഹാജരാക്കി. അവിടെ ഞങ്ങളുടെ പേരു കുറിച്ചെടുക്കാൻ ഒരു ശ്രമം നടന്നു. എല്ലാവരും അവരുടെ പേരായി നൽകിയത് "ആസാദ് ഹിന്ദ്" എന്നാണ്. 15 ദിവസത്തെ തടവുശിക്ഷ എല്ലാവർക്കും ലഭിച്ചു. ഫെബ്രുവരി 22ന് ഞങ്ങളെയെല്ലാം വിട്ടയച്ചു. സാഹചര്യവശാൽ കസ്തൂർബാഗാന്ധി മരിച്ചതും അന്നാണ്. അതിനാൽ ഞങ്ങൾ ചൗപ്പാത്തിയിൽ സമ്മേളിച്ച് കൂട്ടത്തോടെ ഭജന ചൊല്ലി. അതിന്നും പോലീസ് അറസ്റ്റ് ചെയ്തു. ഞങ്ങളെ വീണ്ടും ആർതർ റോഡ് ജയിലിലാക്കി. ഞങ്ങൾ തിരിച്ചെത്തിയപ്പോൾ ജയിലിന്റെ ചുമതല വഹിക്കുന്ന സ്ത്രീ പറഞ്ഞു: "രാവിലെയാണ് നിങ്ങൾ പോയത്, ഇപ്പോൾതന്നെ വീണ്ടും എത്തിയിരിക്കുന്നല്ലോ." അടുത്ത ദിവസംതന്നെ ഞങ്ങളെ ജയിലിൽനിന്ന് വിട്ടയച്ചു.

വർധനയിൽ തിരിച്ചെത്തിയ ശാരദാമണി മഹിളാ ആശ്രമത്തിൽ അധ്യാപികയായി. നാഗപ്പൂർ യൂണിവേഴ്സിറ്റിയിൽ പ്രൈവറ്റായി പഠിക്കാനും തുടങ്ങി. 1944 ൽ ഗാന്ധിജി ജയിലിൽനിന്ന് തിരിച്ചെത്തി. അദ്ദേഹവും ഇടക്കിടെ മഹിളാ ആശ്രമത്തിൽ വരാറുണ്ട്. ഒരിക്കൽ ഞാൻ ഗാന്ധിജിയുടെ അനുഗ്രഹം വാങ്ങാൻ പോയി. "നീതന്നെ ഒരു ഗാന്ധിയായിക്കഴിഞ്ഞിരിക്കുന്നു" എന്നാണ് ഗാന്ധിജി അന്നു പറഞ്ഞത്. ഗാന്ധിജിയുടെ ഈ വാക്കുകൾ മനസ്സിലെന്നും കരുതിക്കൊണ്ടാണ് ശാരദാമണി പിന്നീടെന്നും ജീവിച്ചു പോന്നത്. ജനങ്ങളെല്ലാം മഹാത്മജിയെ മറന്നു കഴിഞ്ഞിരിക്കുന്നു. എന്നാൽ ശാരദാമണിക്ക് അദ്ദേഹത്തെ മറക്കാനാവില്ല. ലളിതമായ ജീവിതത്തിൽ ഇന്നാർക്കും വിശ്വാസമില്ല. അനേകം പേർ പട്ടിണി കിടക്കുമ്പോൾ വലിയ ഹോട്ടലുകളിൽ ഗംഭീര സൽക്കാരങ്ങൾ നടക്കുന്നു. അഴിമതി നമ്മുടെ പ്രശ്നങ്ങളിലൊന്നു മാത്രമാണ്. സർവ്വത്ര ഉപഭോഗാസക്തിയാണ് കാണുന്നത് എന്നു ശാരദാമണി പരാതിപ്പെടുന്നു.

ചെറുപ്പക്കാരുടെ മാതൃകാ പുരുഷന്മാർ ഇന്ന് ഗാന്ധിജിയല്ല, ക്രിക്കറ്റ് താരങ്ങളും സിനിമാ താരങ്ങളുമാണെന്നു വന്നിരിക്കുന്നു. അതാണെന്നെ ഏറ്റവും വ്യാകുലപ്പെടുത്തുന്നത് എന്ന് ശാരദാമണി പറയുന്നു. ❑



# അന്ന ടീമിനെ ഭിന്നിപ്പിക്കാൻ സംഘടിതമായ ശ്രമം

**അ**ഴിമതിക്കെതിരായ സമരത്തിൽ അന്ന ടീമിൽ പങ്കാളിയായവരെ ഭിന്നിപ്പിക്കാൻ സംഘടിതമായ ശ്രമം നടന്നുവരുന്നു. ഇതിലെ കഥാനായകന്മാർ ആരെല്ലാമാണെന്ന് അറിയാനിരിക്കുന്നതേയുള്ളു.

അന്ന ടീം എന്നത് സുഘടിതമായൊരു സംഘമാണ്. അന്ന ഹസാരെ പല ജനകീയ സമരങ്ങളും നടത്തി വിജയിച്ചിട്ടുള്ള ആളാണ്. മഹാരാഷ്ട്രത്തിലെ അഴിമതിക്കാരായ അരഡസൻ മന്ത്രിമാരെ പുകച്ച് പുരത്തു ചാടിച്ചത് അന്ന ഹസാരെയാണ്. പക്ഷെ ദേശീയതലത്തിൽ ഒരു പ്രതിഛായ വളർത്തിയെടുക്കാൻ അദ്ദേഹത്തിന്നു സാധിച്ചിട്ടില്ല. അഥവാ അതിന്നദ്ദേഹം ശ്രമിച്ചിട്ടില്ല. ഗാന്ധിയൻ സമരപാരമ്പര്യമുണ്ടെങ്കിലും ഒരു ഗാന്ധിയനായി അദ്ദേഹം അറിയപ്പെടുന്നുമില്ല. റലേഗവോൺ സിദ്ധി എന്ന സ്വദേശത്താണ് അദ്ദേഹം പ്രവർത്തനം കേന്ദ്രീകരിക്കുന്നത്.

അന്ന ഹസാരെയുടെ ഈ കുറവു പരിഹരിക്കുന്നത് കേന്ദ്രഗവർമ്മേണ്ടിൽ മുമ്പ് നിയമകാര്യമന്ത്രിയായിരുന്ന ശാന്തി ഭൂഷണനും, ഇപ്പോൾ പൊതുതാല്പര്യ ഹർജികൾ സൗജന്യമായി കൈകാര്യം ചെയ്യുന്ന അദ്ദേഹത്തിന്റെ പുത്രനായ പ്രശാന്ത് ഭൂഷണനുമാണ്. നിയമരംഗത്ത് അവരെ വെല്ലാൻ പ്രാപ്തിയുള്ളവർ അപൂർവ്വമാണ്. അതുപോലെ സുപ്രിം കോടതിയിൽനിന്ന് കറപുരളാതെ റിട്ടയർ ചെയ്ത ആളും അടുത്തകാലംവരെ കർണാടക ലോകായുക്തയായിരുന്ന ഹെഗ്ഡെയും മാഗ്സേസെ അവാർഡ് നേടിയ കേസരിവാളും കൂടിയാകുമ്പോൾ അന്ന ഹസാരെ ടീം പൂർത്തിയാകുന്നു.

ഇവരെ തെറ്റിക്കാനും ഈ ടീമിൽ കടന്നുകൂടാനും കുറച്ചു കാലമായി ശ്രമം നടന്നുവന്നിരുന്നു. രാജസ്ഥാനിൽ വിവരാവകാശ നിയമം സംഘടിപ്പിക്കുന്നതിൽ മുൻനിന്നു പ്രവർത്തിച്ച സൽപേരു നേടിയ അരുണ റോയിയാണ് അവരിലൊരാൾ. അന്ന ഹസാരെ തയ്യാറാക്കിയ ജനലോക്പാൽ അപകടകരമാണെന്നു ഇവർ വാദിക്കുന്നു. അന്ന ഹസാരേയുടെ ബിൽ അന്യൂനമാണെന്ന് ആരും പറയുന്നില്ല. പാർലി. കമ്മിറ്റിയിലോ പാർലിമെന്ററി ലോയുക്തിപൂർവ്വം വാദിക്കാൻ ആളുണ്ടെങ്കിൽ ഏത് ന്യൂനതയും പരിഹരിക്കാവുന്നതേയുള്ളൂ. അന്ന ഹസാരേയുടെ ഒരേ ഒരു വാശി, പാർലിമെന്റിന്റെ ശൈത്യകാല സമ്മേളനത്തിൽതന്നെ ബിൽ പാസാക്കണമെന്നതാണ്. വനിതാ സംവരണ ബിൽ നീട്ടിക്കൊണ്ടു പോകുന്നതുപോലെ ലോകപാൽ ബില്ലും നീട്ടിക്കൊണ്ടു പോകരുത് എന്നാണ് അന്ന ഹസാരേയുടെ ശാഠ്യം. ഗവർമ്മേണ്ട് കുടുങ്ങിയിരിക്കുന്നതും അവിടെയാണ്. ഇതെങ്ങനെ നീട്ടിവയ്ക്കാമെന്നതാണ് സർക്കാരിന്റെ ആലോചന. ഈ ഗൂഡാലോചനയുടെ ഒരു ഭാഗമാണ് അന്നാ ഹസാരെ ടീമിനെ ഭിന്നിപ്പിക്കൽ. അരുണ റോയിയെപ്പോലെയുള്ളവരെ ആദ്യം കരുവാക്കി ഇറക്കി. ആ കെണിയിൽ ഹസാരെ ടീം പെട്ടില്ല. ഇതിനെത്തുടർന്നാണ് പ്രശാന്ത് ഭുഷൺ സംഭവം ഉണ്ടായത് അഥവാ ഉണ്ടാക്കിയത്.

പ്രശാന്ത് ഭുഷൺ ഹിതപരിശോധനയുടെ വലിയൊരു വാക്താവാണ് ഹസാരെ ടീം തയ്യാറാക്കിയ ലോകപാൽ ബിൽ അപകടകരമാണെന്നു പറഞ്ഞപ്പോൾ, എന്നാൽ അതൊരു ഹിത

പരിശോധനക്കു വയ്ക്കാമെന്ന് പ്രശാന്ത് പറഞ്ഞത് ഇവിടെ സ്മരണീയമാണ്. കാശ്മീരിലെ പത്രസമ്മേളനത്തിൽ ആരോ ദുരുദ്ദേശപൂർവ്വം എടുത്തിട്ടതാണ് ഈ ഹിതപരിശോധനാ പ്രശ്നം. ഹിതപരിശോധന നടത്താവുന്നതേയുള്ളൂ എന്ന് അദ്ദേഹം മറുപടിയും നൽകി. അതിന്മേൽ കയറിപിടിച്ചാണ് ശ്രീരാമസേനക്കാർ കയ്യേറ്റം നടത്തിയത്. ഇത് സുപ്രീം കോടതിയിൽ വച്ചാണെന്ന് ഓർക്കണം. അവിടെ അസാമാന്യമായ സുരക്ഷിതത്വ നടപടികളുണ്ട്. എന്നിട്ടും പ്രശാന്ത് ഭുഷനെ കയ്യേറ്റം ചെയ്തപ്പോൾ അവിടെ ഒരുപോലീസുകാരനും ഉണ്ടായിരുന്നില്ലെന്നത് ശ്രദ്ധേയമാണ്. ശ്രീരാമ സേനക്കാർക്കെതിരെ പ്രത്യേകിച്ചൊരു നടപടിയും ഉണ്ടായില്ലെന്നതും ശ്രദ്ധേയമാണ്. അപ്പോൾ ഈ ഹിതപരിശോധനാ പ്രശ്നം ബോധപൂർവ്വം സംഘടിപ്പിച്ചതാണെന്നു വരുന്നു. ആര്? കേന്ദ്ര ഗവർമ്മേണ്ട്? അതോ ബി.ജെ.പി.യോ? രണ്ടു പാർട്ടികളും അഴിമതിയിൽ ആറാടി നിൽക്കുന്നവയാണെന്ന് ഓർക്കണം. ലോകപാൽ ബില്ലിനെ പിൻതാങ്ങാൻ രണ്ടു പാർട്ടികളും ഒരുപോലെ വൈമനസ്യം കാണിച്ചുവരികയാണെന്ന് ഓർക്കണം. രണ്ടു പാർട്ടികളും അഴിമതിയിൽ ആണ്ടുകിടക്കുകയുമാണ്. കോൺഗ്രസ്സുകാരായ ആരെല്ലാം ജയിലിൽ പോകുമെന്നറിയില്ല. മുഖ്യമന്ത്രിയായിരുന്ന യെഡ്യൂരപ്പ ജയിലഴികൾക്കകത്തായി. ലോകപാൽ ബിൽ പാസാക്കിയാൽ ഒട്ടേറെ നേതാക്കന്മാർ ജയിലിലാകും. പണ്ട് കോൺഗ്രസ്സുകാരായ തടവുകാരെ പാർപ്പിക്കാൻ സ്ഥലമില്ലാതെ വന്നതിനാലാണ് ബ്രിട്ടീഷുകാർ ആന്റമാനിൽ ജയിൽ നിർമ്മിച്ചതെന്നു കേട്ടിട്ടുണ്ട്. നമുക്കിന്ന് എത്ര ആന്റമാനുകൾ നിർമ്മിക്കേണ്ടിവരുമെന്നറിയില്ല. ഏതായാലും ആന്റമാനിലെപ്പോലെ ഒരു ജയിലിനോടനുബന്ധിച്ച് പല ശാഖകൾ നിർമ്മിച്ചതുകൊണ്ടൊന്നും സ്ഥലസൗകര്യം തികയില്ലെന്നത് തീർച്ച. ബ്രിട്ടീഷുകാർ അവരുടെ ക്രിമിനൽ പുള്ളികളെ താമസിപ്പിക്കാനാണ് ആസ്ട്രേലിയൻ വൻകര ഉപയോഗിച്ചത്. ഈക്രിമിനലുകളുടെ പിൻഗാമികളാണ് ഇന്ന് "മാന്യ"ന്മാരായി വാഴുന്ന ആസ്ട്രേലിയക്കാരിലധികവും. ഇതുപോലെ ആന്റമാൻ, നിക്കോബാർ, ലക്ഷദ്വീപ് തുടങ്ങിയവയെല്ലാം അഴിമതി തടവുകാർക്കായി നീക്കിവയ്ക്കേണ്ടിവരും. അഴിമതിക്കൊരു പ്രത്യേകതയുണ്ട്. അതിൽ കോൺഗ്രസ്സെന്നോ ബി.ജെ.പി. എന്നോ കമ്യൂണിസ്റ്റെന്നോ ഉള്ള വ്യത്യാസമൊന്നുമില്ല. മനുസ്മൃതിയിൽ പറഞ്ഞതുപോലെ ചക്കരക്കുടത്തിൽ കയ്യിട്ടിട്ടും വിരൽ നക്കാത്തവർ രാഷ്ട്രീയത്തിൽ അത്യപൂർവ്വമാണ്. പ്രത്യയശാസ്ത്രപരമായി രാഷ്ട്രീയത്തെ പലതായി വകതിരിക്കാമെങ്കിലും അഴിമതി എന്ന പ്രത്യയശാസ്ത്രം ഒന്നേയുള്ളൂ.

സുപ്രീം കോടതിയിലെ തന്റെ ചേമ്പറിൽവച്ച് പ്രശാന്ത് ഭൂഷണനെപ്പോലെയുള്ളഒരു സീനിയർ അഭിഭാഷകൻ ആക്രമിക്കപ്പെടാമെങ്കിൽ അവിടെ ചീഫ് ജസ്റ്റീസ് അടക്കമുള്ള മറ്റു ജഡ്ജിമാരുടെ സ്ഥിതി എന്തായിരിക്കും? രാജ്യത്തിന്റെ സുരക്ഷിതത്വത്തിന്നായി സാധാരണ പോലീസുകാർ മുതൽ അനേകതരം പോലീസ് വിഭാഗങ്ങളുണ്ടായിട്ടും, ആർക്കും ഈ ശ്രീരാമസേനക്കാരെ കണ്ടെത്താനോ കരുതൽ നടപടിയെടുക്കാനോ സാധിച്ചില്ലെങ്കിൽ, നമ്മുടെ സുരക്ഷിതത്വ സംവിധാനത്തെപ്പറ്റി എന്താണ് പറയേണ്ടത്? ഒരാൾ പെട്ടെന്ന് ആക്രമിക്കപ്പെട്ടാൽ നമുക്കൊന്നും ചെയ്യാനാവില്ലെന്നത് ശരിതന്നെ. പക്ഷെ ഈ അക്രമികളെപ്പറ്റിയോ അവരെ പോറ്റി വളർത്തുന്നവരെപ്പറ്റിയോ പോലീസിന്ന് ഇനിയും ഒരെത്തും പിടിയുമില്ലെന്നത് സംശയാവഹമായി തോന്നുന്നില്ലേ? കാശ്മീരിൽ ഹിതപരിശോധന എന്നത് അര നൂറ്റാണ്ടിന്നു മുമ്പുതന്നെ ലോകരക്ഷാസമിതി നിർദ്ദേശിച്ചിട്ടുള്ളതും ഇന്ത്യ അത് ഉപാധികളോടെ സ്വീകരിച്ചിട്ടുള്ളതും, ആ ഉപാധികളൊന്നും പാക്കിസ്താൻ നടപ്പാക്കാത്ത സാഹചര്യത്തിൽ, ഇന്ത്യ അതിൽനിന്ന് പിന്മാറിയിട്ടുള്ളതുമാണെന്ന് ചരിത്രം പറയുന്നു. കാശ്മീരിലെ പത്രസമ്മേളനത്തിൽ ഇതൊന്നും ചർച്ചാ വിഷയമാക്കാതിരുന്നതും പെട്ടെന്നിങ്ങനെയൊരു ഹിത പരിശോധന പൊട്ടിവീണതും സംശയാവഹമല്ലേ?

ഹസാരെയുടെ അഴിമതി വിരുദ്ധ പ്രസ്ഥാനത്തിന്റെ തലച്ചോറാണ് പ്രശാന്ത് ഭൂഷൺ. അദ്ദേഹത്തെ ഈ പ്രസ്ഥാനത്തിൽനിന്ന് അകറ്റേണ്ടത് ചിലരുടെ ആവശ്യമാണ്. ശാന്തി ഭൂഷൺ മികച്ചൊരു അഭിഭാഷകനാണെങ്കിലും വയോവൃദ്ധനായ അദ്ദേഹത്തിന്ന് പ്രശാന്ത് ഭൂഷന്റെ ഊർജ്ജസ്വലതയില്ല. അതുകൊണ്ടുതന്നെ പ്രശാന്ത് ഭൂഷണനെ ഈ പ്രസ്ഥാനത്തിൽനിന്ന് അകറ്റുകയോ ഒറ്റപ്പെടുത്തുകയോ ചെയ്യാൻ ചിലരെല്ലാം താല്പര്യം കാണിക്കുന്നു. അതിന്റെ പ്രതിഫലനമാണ് സുപ്രീം കോടതിയിൽ കണ്ടത്. നെഹ്റുവിന്റെ ഭാഷയിൽ പറഞ്ഞാൽ ചത്തൊരുകുതിരയെ തല്ലിയുണർത്താൻ നടത്തുന്ന വ്യഗ്രത തന്നെ അത് വ്യക്തമാക്കുന്നു.

അഴിമതിക്കെതിരെ ജനങ്ങൾ ഉണർന്നു കഴിഞ്ഞു. പക്ഷെ അവർക്ക് വലിയൊരു വൈതരണി മറികടക്കാനുണ്ട്. അഴിമതിയില്ലാത്ത ഒരു രംഗം പോലും അവശേഷിക്കുന്നില്ല. ജീവിക്കണമെങ്കിൽ അഴിമതി കാണിച്ചേ തീരൂ എന്നതാണ് ഇന്നത്തെ സ്ഥിതി. സത്യസന്ധമായും അഴിമതിക്കടിമപ്പെടാതേയും ജീവിക്കാൻ ഇന്നൊരു മാർഗ്ഗവുമില്ല. 1974 ൽ ജയപ്രകാശ് നാരായണൻ അഴിമതി വിരുദ്ധ സമരത്തിന്ന് നേതൃത്വം നൽകിയപ്പോൾ ഇതായിരുന്നില്ല സ്ഥിതി. 1991 ൽ മൻമോഹൻ സിങ് ധനകാര്യമന്ത്രിയായതോടെ ജീവിതത്തിന്റെ സമസ്ഥ മണ്ഡലങ്ങളിലും സർക്കാർ കയറിപ്പറ്റി. അതിന്നർത്ഥം നിങ്ങൾ അഴിമതിയുടെ ഒരംശമായിത്തീർന്നുവെന്നാണ്. പണ്ട് ഒരു രൂപക്ക് ഒരു കിലോ ഉപ്പു കിട്ടിയിരുന്ന സ്ഥാനത്ത്, അതേ ഉപ്പിന് ഇന്നു പന്ത്രണ്ടു രൂപ നൽകണം. നിങ്ങളറിയാതെത്തന്നെ നിങ്ങളെ അഴിമതിയുടെ ഭാഗമാക്കി മാറ്റുന്ന വിദ്യയാണിത്. പച്ചവെള്ളത്തിന് വിലകൊടുക്കേണ്ടിവരുന്നത് അങ്ങനെയാണ്. അഴിമതിക്കാരനെ നിങ്ങൾ കാണുകയില്ല. അതേസമയം നിങ്ങൾ അഴിമതിക്കാരനാകുകയും ചെയ്യുന്നു. ടാറ്റ, ബിർള, അംബാനി തുടങ്ങിയവരുടെ വാർഷിക കണക്കുകൾ പ്രസിദ്ധീകരിക്കുമ്പോൾ അവരുടെ ലാഭം അമ്പതു മടങ്ങോ നൂറുമടങ്ങോ ആയി വർധിച്ചതായി കണ്ട് നിങ്ങൾ കയ്യടിക്കും. നിങ്ങളുടെ പോക്കറ്റിൽനിന്ന് റാഞ്ചിയെടുത്ത കാശാണിതെന്നു നിങ്ങളറിയില്ല. മാർക്കറ്റിലെ ഓഹരി വില കുത്തനെ ഉയരുന്നത് കണ്ട് നിങ്ങൾ അത്ഭുതപ്പെടും. സാമ്പത്തിക വളർച്ചയുടെ പ്രതിഫലനമാണിതെന്ന് സർക്കാർ വക്താക്കൾ നിങ്ങളെ ബോധ്യപ്പെടുത്തും. രാജ്യം പുരോഗമിക്കുകയാണ്; ചീറിക്കയറുകയാണ്. ചീനയേക്കാൾ അധികമില്ലെങ്കിൽ ചീനനയോളമെങ്കിലും വളർന്നുവെന്ന് അവർ സമ്മതിപ്പിക്കും. നിങ്ങളുടെ ജീവിതം തുരിതമയമാവുകയാണെന്ന് നിങ്ങൾക്ക് തോന്നിയേക്കാം. എങ്കിലും വളർച്ചയുടെ തോത് ഗംഭീരമാണെന്ന് സർക്കാർ സ്ഥാപിക്കും. ഇതിന്റെയെല്ലാം അടിയിൽകിടക്കുന്നത് അഴിമതിയാമെന്നത് വലിയൊരു പ്രശ്നമല്ല. നിങ്ങളും അഴിമതി കാണിക്കാറില്ലേ എന്നവർ തിരിച്ചു ചോദിക്കും. റേഷൻകാർഡ് കിട്ടാൻ നിങ്ങൾ 100 രൂപ കൊടുത്തത് അഴിമതിയല്ലേ? ഇലക്ട്രിക് കണക്ഷൻ ശരിയാക്കാൻ നിങ്ങളല്ലേ 75 രൂപ കൊടുത്തത്. അഴിമതി സാധാരണയാണെന്ന് സർക്കാർ പറയും. യൂണിറ്റ് ട്രസ്റ്റിൽനിന്ന് എത്രായിരം കോടി മോഷ്ടിച്ചുവെന്നോ മോഷ്ടാക്കളെ എന്തു ചെയ്തുവെന്നോ ആരും പറയില്ല. അതൊക്കെ വമ്പന്മാരുടെ കാര്യമല്ലേ,ഹേ!

ഇവിടെ പണക്കാർ എടുത്തുവച്ചതു പോലെ വളരുന്നുണ്ടെങ്കിൽ

# ഇന്ത്യയിൽ പോലീസുകാരില്ല; പരിശീലനവുമില്ല

നൂറുകോടി ജനങ്ങളുള്ള ഒരു രാജ്യത്ത് പോലീസിനെ നിലനിർത്തുക എളുപ്പമല്ല എന്ന് ആഭ്യന്തരകാര്യ മന്ത്രി പി.ചിദംബരം ഈയിടെ പറയുകയുണ്ടായി. ശരിയാണത്. ചിദംബരം ആഭ്യന്തര കാര്യമന്ത്രിയായ ശേഷം പോലീസിന്റെ എണ്ണം കൂട്ടാനും ശ്രമം നടക്കുന്നുണ്ട്. 2008 ഡിസംബറിൽ നാഷനൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ നൽകിയ കണക്കനുസരിച്ച് ഇന്ത്യയിൽ 11.3 ലക്ഷം പോലീസുകാരാണുള്ളത്. അതായത് ഓരോ ലക്ഷം ജനങ്ങൾക്കും 128 പോലീസുകാർവീതം. ഐക്യരാഷ്ട്ര സമിതിയുടെ നിർദ്ദേശത്തിന്റെ ഏതാണ്ട് പകുതിയേ ഇതുവരൂ. സമാധാനപരമായ അന്തരീക്ഷം നിലവിലുള്ള രാജ്യങ്ങളിലെ പോലീസിന്റെ കണക്കാണ് ഐക്യരാഷ്ട്രസമിതി നിശ്ചയിച്ചിട്ടുള്ളത്. ഇന്ത്യയെപ്പോലെ തീവ്രവാദികളുടേയും ഭീകരന്മാരുടേയും വിഹാരമേഖലയിൽ ഐക്യരാഷ്ട്ര സമിതിയുടെ കണക്ക് സാധുവാകില്ല.

ഗവർമ്മേണ്ട് ഇപ്പോൾ പറയുന്നത് പോലീസിന്റെ സഖ്യാബലം ഒരു ലക്ഷത്തിന്ന് 161 എന്ന അനുപാതത്തിൽ എത്തിയിട്ടുണ്ടെന്നാണ്. വിദഗ്ധർക്കിതിൽ സംശയമുണ്ട്. വെറും 18 മാസം കൊണ്ട് പുതുതായി 3,84,000 പേരെ പോലീസിലെടുത്തുവെന്നു പറഞ്ഞാൽ വിശ്വസിക്കാനാകുമോ എന്ന് അവർ ചോദിക്കുന്നു. റിട്ടയർ ചെയ്തവർക്കു പകരമുള്ള റിക്രൂട്ട്മെന്റിന്റെ കാര്യത്തിന്നും പുറമെയാണിതെന്ന് ഓർക്കണം.

പോലീസുകാരുടെ എണ്ണം കൂട്ടിയതു കൊണ്ടുമാത്രം കാര്യമില്ല. മാവോയിസ്റ്റ് ശല്യമുള്ള സംസ്ഥാനങ്ങൾ ഇതിൽ പെടുന്നില്ല. ബീഹാറിൽ ഇപ്പോഴും പോലീസ് തസ്തിക 85,545 മാത്രമാണ്. ഇതിൽ 33,889 തസ്തികയും ഒഴിഞ്ഞു കിടക്കുകയാണ്. അതായത് ഒരുലക്ഷം ജനങ്ങൾക്ക് 75 പോലീസുകാരേയുള്ളൂ എന്നാണ്. ഒറീസയിൽ ഇപ്പോഴും ഒരു ലക്ഷം പേർക്ക് 136 പോലീസുരകാരേയുള്ളൂ. ബംഗാളിലാകട്ടെ ഇത് വെറും നൂറുമാത്രമാണ്. മറ്റു സംസ്ഥാനങ്ങളിൽ പോലീസിന്റെ സംഖ്യാബലം കൂടുതലുണ്ടെങ്കിലും അന്താരാഷ്ട്ര നിലവാരത്തേക്കാൾ എത്രയോ മോശമാണ്. ഝാർഖണ്ഡിൽ അഞ്ചുകൊല്ലം മുമ്പ് 136 പോലീസുകാരുണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ 207 പേരുണ്ട് ഛത്തീസ് ➡

---

അതൊക്കെ പാവങ്ങളുടെ പോക്കറ്റടിച്ചുണ്ടാക്കിയ കാശാണെന്ന് അവരെ ബോധ്യപ്പെടുത്താൻ ഇന്നാരുമില്ല. ലോകപാൽ ബിൽ പാസായാൽ ഓത്രയോത്ര യെഡ്യൂരപ്പമാർക്ക് ജയിൽ പണിയേണ്ടിവരും. അതിനൊന്നും ഇട കൊടുക്കാതിരിക്കാൻ ഹസാരെ ടീമിനെ തമ്മിൽ തല്ലിച്ചു നോക്കാം. എന്നിട്ടും പറ്റിയിയില്ലെങ്കിൽ മറ്റനേകം നല്ല നിയമങ്ങൾക്കുണ്ടായ അതേ ദുർഗതി ഇതിന്നും വരും. വിവരാവകാശ നിയമം ഭേദഗതി ചെയ്യാൻ പ്ലാനിടുന്നതായി പ്രധാനമന്ത്രി മൻമോഹൻസിങ് പറഞ്ഞത് ഒക്ടോബർ 15ന്നാണ്. ഇതുപോലെ വനംനിയമം ഭേഗദതി ചെയ്തില്ലേ? പരിസ്ഥിതി അവലോകന നിയമം ഭേദഗതി ചെയ്തില്ലേ? നിങ്ങൾക്കുറപ്പിക്കാം, നല്ലൊരു നിയമവും ഇവിടെ ഭേദഗതി ചെയ്യാതെ വിടില്ല! ലോകപാൽ ബിൽ പാസാക്കിയാലും അതിന്ന് ഇതേ ദുർഗതി വരും. ❑



ഗഡിലും പോലീസുകാരടെ എണ്ണത്തിൽ വർധനയുണ്ട്. അവിടെ പോലീസിന്റെ എണ്ണം ഒരു ലക്ഷം ജനങ്ങൾക്ക് 128 ആയിരുന്നത് ഇപ്പോൾ 226 ആയിട്ടുണ്ട്.

പോലീസുകാരുടെ എണ്ണം കൂട്ടിയതു കൊണ്ടുമാത്രം കാര്യമില്ല. പൂരങ്ങൾക്ക് ആനകളെന്നപോലെ പോലീസ് വെറും കാഴ്ചപണ്ടമല്ലല്ലോ. നാഗലന്റിൽ ഒരു ലക്ഷം പോർക്ക് 1677 പോലീസുകാരുണ്ട്; കാശ്മീരിൽ ഒരു ലക്ഷം പേർക്ക് 742 പോലീസുകാരുണ്ട്; മണിപ്പൂരിൽ 669 പേരുണ്ട്. ഇങ്ങനെയൊക്കെ പോലീസ് പെരുപ്പമുണ്ടെങ്കിലും തീവ്രവാദികളെ നേരിടാനോ ഭീകരന്മാരെ നേരിടാനോ ഇവർക്കാവില്ല. അതിന്നു പട്ടാളത്തെ വിളിക്കേണ്ടിവരുന്നു. മിസോറമിൽ തീവ്രവാദികളില്ല; ഭീകരന്മാരില്ല; എന്നിട്ടും അവിടെ ഒരു ലക്ഷം പേർക്ക് 1268 പോലീസുകാരുണ്ട്! എന്തിനാണിത്രയേറെ പോലീസ്. ഒരു ഊഹം വച്ചു പറഞ്ഞാൽ ജനങ്ങൾക്ക് തൊഴിൽ നൽകുക എന്നതാണ് ഈ പോലീസ് പടയുടെ ലക്ഷ്യം.

ഇനി എല്ലാ സംസ്ഥാനങ്ങളിലും മിസോറമിലെപ്പോലെ തൊഴിൽ നൽകൽ മാത്രമായി പോലീസ് പടയെ വികസിപ്പിച്ചതുകൊണ്ടും കാര്യമില്ല. ഇത്രയേറെ പോലീസുകാരെ റിക്രൂട്ട് ചെയ്യാനും പരിശീലിപ്പിക്കാനും നമുക്ക് സൗകര്യമുണ്ടോ? പോലീസുകാരെ റിക്രൂട്ട് ചെയ്താൽ പോര, അവരെ പരിശീലിപ്പിക്കുകയും വേണം. അതിന്നു വേണ്ടത്ര പരിശീലകർ നമുക്കുണ്ടോ? പരിശീലന സൗകര്യം നമുക്കുണ്ടോ? ഛത്തീസ് ഗഡിലെ കാങ്കറിൽ ഒരു വനം വേട്ടാ പരിശീലന കേന്ദ്രം സ്ഥാപിച്ചപ്പോൾ അതിന്റെ പോരായ്മകൾ നാം കണ്ടറിഞ്ഞു.

ഇക്കഴിഞ്ഞ ജനുവരി - ജൂൺ കാലഘട്ടത്തിൽ ഛത്തീസ്ഗഡ് പോലീസ് 37 മാവോയിസ്റ്റ് കലാപകാരികളെ കൊന്നുവെന്നാണ് പറയുന്നത്. സി.ആർ.പി.ക്കു പോലും പത്തു മാവോയിസ്റ്റുകളെ കൊല്ലാനേ കഴിഞ്ഞുള്ളൂ. അപ്പോൾ ഈ പോലീസുകാർ കൊന്നത് ആരെയായിരിക്കും? പോലീസും സി.ആർ.പി.യും ചേർന്ന് സംയുക്തമായി നടത്തിയവേട്ടയിൽ കൊല്ലപ്പെട്ടത് വെറും എട്ടു മാവോയിസ്റ്റുകളാണ്.

പോലീസല് 37 പേരെ കൊന്നപ്പോൾ മാവോയിസ്റ്റുകൾ 29 പോലീസുകാരെ കൊന്നു. സി.ആർ.പി. യിൽ 117 പേരാണ് കൊല്ലപ്പെട്ടത്. ഏതായാലും ഛത്തീസ്ഗഡിന്റെ മാതൃക പിൻതുടരാൻ അധികം സംസ്ഥാനങ്ങളൊന്നും തയ്യാറായിട്ടല്ല. മന്ത്രി ചിദംബരം പറയുന്നത്. ഭീകരരെ വേട്ടയാടാൻ ഇക്കൊല്ലം ഒമ്പതു പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്നാണ്. ഓരോ കേന്ദ്രത്തിലും 1000 പേരെ പരിശീലിപ്പിക്കാൻ സൗകര്യമുണ്ടാകുമെന്നും അദ്ദേഹം പറയുന്നു. ഇതൊന്നും മതിയാവില്ല എന്നു കൂടി അദ്ദേഹം കൂട്ടിച്ചേർത്തിട്ടുണ്ട്.

കേന്ദ്ര ആഭ്യന്തരകാര്യ സെക്രട്ടറി ജി.കെ. പിള്ള 2009 ൽ പറഞ്ഞ കാര്യം ഓർമ്മയിൽ വരുന്നു. ഛത്തീസ്ഗഡിലെ വനമേഖലയിലേക്ക് സി.ആർ.പി. ക്കാർ മുന്നേറ്റം നടത്തിയ അവസരമാണത്. "സി.ആർ.പി. ക്കാർ കാട്ടിൽ കയറി അവിടെ ആധിപത്യം ഉറപ്പിച്ചു കഴിയാൻ കൃത്യം മുപ്പത് ദിവസം വേണ്ടിവരും. അതോടെ അവിടെ സിവിലിയൻ ഭരണം പുന:സ്ഥാപിതമാക്കാമെന്നാണ് ഞങ്ങളുടെ വിശ്വാസം." ഒരു പരിശീലനവുമില്ലാത്ത പോലീസിന്ന് ഇത്രകാലം കൊണ്ട് പരിഹരിക്കാൻ കഴിയാത്തൊരു പ്രശ്നം യാതൊരുവിധ പരിശീലനവുമില്ലാത്ത സി.ആർ.പി.ക്ക് ഒരു മാസം കൊണ്ട് പരിഹരിക്കാൻ കഴിയുമെന്നായിരുന്നു കേന്ദ്ര ഗവർമ്മേണ്ടിന്റെ ധാരണ. തീവ്രവാദികളെ നേരിടാൻ കഴിയണമെങ്കിൽ ഒരു തീവ്രവാദ വിരുദ്ധ സേനയെ കഠിനാധ്വാനത്തിലൂടെ വാർത്തെടുക്കേണ്ടതുണ്ടെന്ന് കേന്ദ്രഗ

വർമ്മേണ്ടിന്നോ സംസ്ഥാന ഗവർമ്മേണ്ടുകൾക്കോ ഇപ്പോഴും ബോധ്യം വന്നിട്ടില്ല. ജി.കെ. പിള്ളയുടെ മൂഢ വിശ്വാസത്തിന്റെ ഫലം ചോരകൊണ്ട് നാം പഠിച്ചറിയേണ്ടി വന്നു.

മാവോയിസ്റ്റ് തീവ്രവാദം നേരിടാനായി കേന്ദ്ര ഗവർമ്മേണ്ട് ഒക്ടോബറിൽ പുതിയൊരു പദ്ധതി പ്രഖ്യാപിച്ചു. വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള ഭടന്മാരെ ചേർത്ത് ഒരു ഏകീകൃത കമാൻഡ് എന്നതാണ് അത്. സൈന്യത്തിൽനിന്ന് റിട്ടയർ ചെയ്ത ഒരു മേജർ ജനറൽ ഈ ഏകീകൃത കമാൻഡിനെ നയിക്കും. ഈ പുതിയ സംവിധാനംകൊണ്ട് എന്താണ് നേടാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമല്ല. റിട്ടയർചെയ്ത ഒരു പട്ടാളക്കാരനും, അയാൾഎത്രതന്നെ മിടുക്കനായാലും ശരി, ഇപ്പോൾ നടക്കുന്ന മാവോയിസ്റ്റ് വിരുദ്ധ നടപടികളെക്കുറിച്ച് അയാൾക്കൊരു ചുക്കും അറിവുണ്ടാകില്ല. അതുമല്ല, താൻ നയിക്കുന്ന സംയുക്ത സേനയെക്കുറിച്ചും അയാൾ അജ്ഞാതനായിരിക്കും. സർവ്വോപരി, മാവോയിസ്റ്റ് തീവ്രവാദികളല്ല അടിയന്തരമായ പ്രശ്നം. വേട്ടയുടെ തരമനുസരിച്ച് അവർ ഒരു സംസ്ഥാനത്തുനിന്ന് മറ്റൊന്നിലേക്ക് ചോർന്നു കടക്കുകയാണ് ചെയ്യുന്നത് അടിയന്തരമായ പ്രശ്നം മാവോയിസ്റ്റ് തീവ്രവാദികളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുന്നു എന്നതാണ്. അതിന്നും പുറമെ അവരുടെ ആക്രമണങ്ങളുടെ രൂക്ഷതയും വർധിച്ചുവരുന്നു.

കേന്ദ്രഗവർമ്മേണ്ടിന്റെ ഈ വിക്രിയകൾക്കു പിന്നിൽ അവരൊരിക്കലും സമ്മതിക്കാത്ത ഒരു സത്യമുണ്ട്. മാവോയിസ്റ്റ് വിരുദ്ധ സമരത്തിന്ന് ഗവർമ്മേണ്ട് ഉപയോഗിക്കുന്ന കരുക്കളൊന്നും വിജയിക്കാൻ പോകുന്നില്ല എന്ന സത്യമാണത്.

കേന്ദ്ര ഗവർമ്മേണ്ട് തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങൾക്ക് സി.ആർ.പി.യെ നിയോഗിച്ചത് 2003ലാണ്. തീവ്രവാദികൾക്കെതിരായ വേട്ടയിൽനിന്ന് പട്ടാളത്തേയും അതിർത്തി രക്ഷാ സേനയേയും പിൻവലിക്കലായിരുന്നു യഥാർത്ഥ ലക്ഷ്യം. ഈ നടപടിയാരംഭിച്ച കാലത്ത് സി.ആർ.പി.യുടെ സംഖ്യാബലം 167367 ആയിരുന്നു. 2007 ആയപ്പോഴേക്കും സി.ആർ.പി.യുടെ സംഖ്യാബലം 2,60,873 ആയി വർദ്ധിച്ചു. ഇപ്പോൾ സി.ആർ.പി.യിൽ ഏതാണ്ട് 2,80,000 പേർ ഉണ്ടാകും.

സി.ആർ.പി. യുടെ യഥാർത്ഥ പ്രശ്നം സി.ആർ.പി. യിൽ ചേരുന്നവരെ പരിശീലിപ്പിക്കാൻ സ്ഥലമില്ലെന്നതാണ്. ഇവർക്ക് ആകെ ആറു പരിശീലന കേന്ദ്രങ്ങളാണ് ഉള്ളത്. നൂറ്റമ്പതിന്നും ഇരുന്നൂറിന്നും ഇടയക്കുവരുന്ന സി.ആർ.പി.ക്കാരെ പരിശീലിപ്പിക്കാവുന്നവയാണ് ഓരോ കേന്ദ്രവും. ഒമ്പതുമാസം നീണ്ടുനിൽക്കുന്ന അടിസ്ഥാന പരിശീലനമേ ഇവയിൽ നൽകുന്നുള്ളൂ. റിട്ടയർ ചെയ്തവർക്ക് പകരം നടത്തുന്ന റിക്രൂട്ടുകളെ പരിശീലിപ്പിക്കാൻ പോലും ഇത് മതിയാകില്ല. ക്ലാസ് മുറികൾ പോലെയുള്ള അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത മൈതാനങ്ങളിലും മറ്റുമാണിവരെ പരിശീലിപ്പിക്കുന്നത്. പരിശീലിപ്പിക്കാൻ ആളുമില്ല. പരിശീലനം പൂർത്തിയാക്കിയവരെ നയിക്കേണ്ടവർതന്നെയാണ് പരിശീലകരായി വരുന്നതും.

125 പേരടങ്ങിയ ഒരു കമ്പനിയെ നയിക്കേണ്ടത് അസിസ്റ്റന്റ് കമാൻഡന്റുമാരാണ്. ഈ സ്ഥാനം വഹിക്കാവുന്നവർ അതിശുഷ്ക്കമാണെന്നതാണ് മറ്റൊരു പ്രധാന പ്രശ്നം. ഓഫീസർമാരിൽ മിടുക്കന്മാരായി കാണപ്പെടുന്നവരെ സ്പെഷൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, നാഷനൽ സെക്യൂരിറ്റി ഗാർഡ് തുടങ്ങിയ വിശിഷ്ട സേനാ വിഭാഗക്കാർ റാഞ്ചികൊണ്ടു പോകുകയും ചെയ്യുന്നു. ആരും ആരേയും അനുസരിക്കാറില്ല.

കഴിഞ്ഞ കൊല്ലം ഏപ്രിലിൽ ദന്തേവാദെ വനത്തിൽവച്ച് മുച്ചൂടും മുടിക്കപ്പെട്ട 62-ാം ബറ്റാലിയന്ന് നേരിട്ട ദുരന്തം ഒരു ഉദാഹരണം. 62-ാംബറ്റാലിയനെ നയിച്ചിരുന്നത് സ്പെഷൽ പ്രൊട്ടക്ഷൻ ഗ്രൂപ്പിൽ 10 കൊല്ലം സേവനമനുഷ്ഠിച്ച സത്യവാൻ യാദവാണ്. കാട്ടിൽ ദീർഘദൂരംവരെ പട്രോളിങ് നടത്താനാണ് 62-ാം ബറ്റാലി ➡



# ജനപ്രതിനിധികളുടെ ശമ്പളം വർധിപ്പിക്കുന്നു

മന്ത്രിമാർ മുതൽക്കിങ്ങോട്ടുള്ള ജനപ്രതിനിധികളുടെയെല്ലാം ശമ്പളവും ബത്തകളും വർധിപ്പിക്കാൻ രാജേന്ദ്ര ബാബു കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്നു. മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ് തുടങ്ങിയ സകല ജനപ്രതിനിധികൾക്കും ഇതുകൊണ്ടുള്ള മെച്ചം കിട്ടും.

ദാരിദ്ര്യ രേഖ എവിടെയാണെന്ന തർക്കം തീർന്നിട്ടില്ലെങ്കിലും, ജനപ്രതിനിധികൾ ആ രേഖക്ക് താഴെ വരില്ല.

രാജേന്ദ്രബാബു കമ്മീഷൻ കഴിഞ്ഞ വെള്ളിയാഴ്ച സ്പീക്കർക്ക് സമർപ്പിച്ച റിപ്പോർട്ടു പ്രകാരം മന്ത്രിമാർ, സ്പീക്കർ എന്നിവരുടെ ശമ്പളം ആയിരം രൂപയിൽനിന്ന് പതിനായിരം രൂപയായി വർധിപ്പിക്കും. എം.എൽ.എ. മാരുടെ അലവൻസുകൾ ഇരട്ടിപ്പിക്കും. സ്ഥിരം അലവൻസ് 300 ക. യിൽനിന്ന് 8500/- രൂപയാക്കാനാണ് നിർദ്ദേശം. മൊത്തം അലവൻസ് 20,300 രൂപയിൽനിന്ന് 40,250 രൂപയാക്കും.

മറ്റു ചില അലവൻസുകൾക്കു പുറമെ കമ്മീഷൻ പുതിയ ചില അലവൻസുകൾ നിർദ്ദേശിച്ചിട്ടുണ്ട്. സംപ്ചറി അലവൻസ്, ഡ്രൈവർ അലവൻസ്, ഇൻഫർമേഷൻ അലവൻസ്, സെക്രട്ടേറിയൻ അലവൻസ് എന്നിവയൊക്കെ പുതിയ അലവൻസുകളാണ്. പേഴ്സനൽ അസിസ്റ്റന്റിനെ ഗവർമ്മേണ്ട് നൽകും. അതിന്നു പുറമെയായിരിക്കും സെക്രട്ടറി.

റയിൽ വഴിക്കോ റോഡ് വഴിക്കോ യാത്ര ചെയ്യുന്നതിന്ന് ഇൻസിഡന്റൽ അലവൻസ് അനുവദിച്ചിട്ടുണ്ട്. ഇത് 25 പൈസ മുതൽ 50 പൈസ വരെയാണ്. വാഹനം വാങ്ങാൻ പലിശ രഹിത വായ്പ കിട്ടും. കുറഞ്ഞ നിരക്കിന്ന് ഹൗസിങ് ലോൺ കിട്ടും.

എക്സ്. എം.എൽ.എ. മാർക്ക് മാസത്തിൽ കുറഞ്ഞത് 4000 രൂപയും പരമാവധി 6000 രൂപയുമാണ് പെൻഷൻ നിർദ്ദേശിച്ചിട്ടുള്ളത്. പരമാവധി പെൻഷൻ 25,000 രൂപയായാണ് നിർദ്ദേശിച്ചിട്ടുള്ളത്. എം.എൽ.എ. മാർക്ക് മറ്റാനുകൂല്യങ്ങളും കിട്ടും.

എം.എൽ.എ. മാരുടെ ആനുകൂല്യങ്ങൾ വർധിപ്പിക്കുന്നതോടൊപ്പം പഞ്ചായത്ത് മെമ്പർമാരുടെ ഓണറേറിയും വർധിപ്പിക്കാനും പ്ലാനുണ്ട്. ❏

യനോട് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ യാദവ് അതനുസരിച്ചില്ല. തങ്ങളുടെ പട്രോളിങ്ങിനെക്കുറിച്ച് കള്ളക്കഥകളാണ് അവർ മേധാവിമാർക്ക് നൽകിക്കൊണ്ടിരുന്നത്. അങ്ങനെ അവർ മാവോയിസ്റ്റ് കെണിയിൽപെട്ടു. ഒരെണ്ണത്തെപ്പോലും ബാക്കിവയ്ക്കാതെ എല്ലാവരേയും അവർ കൊന്നു.

ഇതു മാത്രമല്ല പ്രശ്നം. സി.ആർ.പി.ക്ക് സ്വന്തമായി ഒരു രഹസ്യാന്വേഷണ വിഭാഗവും ഇല്ല. സി.ആർ.പി. റിക്രൂട്ട്മെന്റ് ദേശീയാടിസ്ഥാനത്തിലാണ്. സി.ആർ.പി.യെ ഒരിടത്ത് വിന്യസിക്കുമ്പോൾ അവിടത്തെ ഭാഷയും സംസ്കാരവും അറിയുന്നവർ ഉണ്ടാകില്ല. ഭൂമിശാസ്ത്രപരമായ സ്ഥിതി വിശേഷം പോലും അറിവുണ്ടായെന്നുവരില്ല.

സി.ആർ.പി.യെ നടക്കാൻ പഠിപ്പിക്കാൻ ഞങ്ങൾക്കാവില്ല എന്നാണ് ഛത്തീസ്ഗഡ് ഡി.ജി.പി. സി.ആർ. പി. യുടെ കോട്ടങ്ങളെക്കുറിച്ച് പറയുന്നതിന്നിടയിൽ പ്രസ്താവിച്ചത്. ❏

# മനുഷ്യരിൽ നടത്തപ്പെടുന്ന മരുന്നു പരീക്ഷണം

***മൗലിക തത്വങ്ങൾ:***

* ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ മാത്രമേ മനുഷ്യരിൽ മരുന്നു പരീക്ഷണങ്ങൾ പാടുള്ളൂ. പരീക്ഷണത്തിന് മുമ്പ് ബദൽ മാർഗ്ഗങ്ങൾ ആരായണം. പരീക്ഷണവുമായി ഒരു വിധത്തിലും ബന്ധപ്പെടാത്ത വിദ്ഗ്ധരുടെ ഒരു ബാഹ്യസമിതി (നൈതിക സമിതി) സൂക്ഷ്മമായും-സമഗ്രമായും പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്തശേഷം മാത്രമേ ഇത്തരം പരീക്ഷണങ്ങൾ നടത്താവൂ. അറിവിന്റെ വികാസത്തിനും, മനുഷ്യകുലത്തിന്റെ നന്മയ്ക്കും പാരിസ്ഥിതിക സുരക്ഷിതത്വത്തിനും ഉതകുന്നതാകണം ഓരോ പരീക്ഷണവും11.

* വ്യവസ്ഥാപിതമായ നടപടിക്രമങ്ങളും അനുമതിയും കൂടാതെ നടത്തപ്പെടുന്ന ഓരോ മരുന്നു പരീക്ഷണവും രാജ്യത്ത് നിലവിലുള്ള നിയമങ്ങൾ പ്രകാരം വിചാരണചെയ്യപ്പെണം12.

* ഓരോ മരുന്നു പരീക്ഷണവും ഉയർന്ന നൈതിക നിലവാരം പുലർത്തുന്നതാകണം. സാമ്പത്തിക ഭദ്രതയോ വൈദ്യസഹായ ലഭ്യതയോ സാധിക്കാത്ത ദുർബ്ബല വിഭാഗങ്ങളുടെ കാര്യത്തിൽ പ്രത്യേക ജാഗ്രതവേണം. സ്വേമേധയാ സമ്മതം നൽകാൻ കഴിയാത്ത പരാശ്രിതരുടെ കാര്യം ശ്രദ്ധയോടെ കൈകാര്യം ചെയ്യണം13.

* അപകട സാധ്യതകൾ, പരീക്ഷണത്തിൽനിന്ന് ലഭിക്കുമെന്നുറപ്പുള്ള അനന്തമായ ഗുണമേന്മകളോട് തുലനം ചെയ്യുമ്പോൾ, അനുകൂല ഘടകങ്ങൾക്ക് വലിയ മുൻതൂക്കമുണ്ടെങ്കിൽ മാത്രമേ പരീക്ഷണങ്ങൾ അനുവദിക്കാവൂ14.

* ഡോക്ടറുടെ വിഭജിക്കപ്പെടാത്ത പ്രതിബന്ധത രോഗിയോട് മാത്രമായിരിക്കണം. രോഗിക്ക് ഗുണകരമാകും എന്നതുമാത്രമാകണം മനുഷ്യരിൽ മരുന്നു പരീക്ഷണത്തിനുള്ള നീതീകരണം. കൂടാതെ ഓരോ സമൂഹത്തിലും നിലനിൽക്കുന്ന നൈതികവും, ധാർമ്മികവും, വിശ്വാസ-ആചാര-അനുഷ്ഠാനപരവുമായ മൂല്യങ്ങളും രീതികളും അർഹിക്കുന്ന പ്രാധാന്യത്തോടെ കണക്കിലെടുക്കുകയും വേണം15.

തുടരും...

Printed and published by : **Dr. George Mathen for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ:** വാർഷികം – 100 ക., ആയുഷ്കാലം – 1000 ക.